**പതിനഞ്ചാം കേരള നിയമസഭ**

**എസ്റ്റിമേറ്റ്സ് കമ്മിറ്റി**

**(2023-2026)**

**മുപ്പത്തിയാറാമത് റിപ്പോർട്ട്**

**[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2016-19)യുടെ പതിനെട്ടാമത് റിപ്പോർട്ടിലെ (വയനാട് ജില്ലയിലെ പ്രളയനാശനഷ്ടങ്ങളും അനന്തരപ്രവർത്തനങ്ങളും സംബന്ധിച്ച) ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച റിപ്പോർട്ട്]**

(2026 ഫെബ്രുവരി മാസം 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2026

പതിനഞ്ചാം കേരള നിയമസഭ

എസ്റ്റിമേറ്റ്സ് കമ്മിറ്റി
(2023-2026)

മുപ്പത്തിയാറാമത്  റിപ്പോർട്ട്

[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2016-19)യുടെ പതിനെട്ടാമത് റിപ്പോർട്ടിലെ (വയനാട് ജില്ലയിലെ പ്രളയനാശനഷ്ടങ്ങളും അനന്തരപ്രവർത്തനങ്ങളും സംബന്ധിച്ച) ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച റിപ്പോർട്ട്]

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | : | |
| മുഖവുര | : | |
| അദ്ധ്യായം I: | | |
| റിപ്പോർട്ട് | : | 1 |
| അദ്ധ്യായം II: | | |
| ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ | : | 1 |
| അദ്ധ്യായം III: ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ടിൽ സമിതി അധികവിവരം ആരാഞ്ഞവയും ഇനിയും നടപടി റിപ്പോർട്ട് ലഭ്യമാക്കാനുള്ളവയും | : | 27 |
| അനുബന്ധം I: | | |
| അനുബന്ധം II: | | |
| അനുബന്ധം III: | | |

## എസ്റ്റിമേറ്റ്സ് കമ്മിറ്റി
## (2023-2026)

### ഘടന

**ചെയർപേഴ്സൺ**

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

**അംഗങ്ങൾ**

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

ശ്രീ. പി. പി. ചിത്തരഞ്ജൻ

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. എം. എം. മണി

ശ്രീ. മുരളി പെരുനെല്ലി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. പി. ടി. എ. റഹീം

ശ്രീ. എൻ. ഷംസുദ്ദീൻ

**നിയമസഭാ സെക്രട്ടേറിയറ്റ്**

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി-ഇൻ-ചാർജ്ജ്

ശ്രീ. ആർ. എസ്. സന്തോഷ്കുമാർ , ജോയിന്റ് സെക്രട്ടറി

ശ്രീ. ജി. ജയകുമാർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വിനോദ്കുമാർ എം.കെ., അണ്ടർ സെക്രട്ടറി

## മുഖവുര

എസ്റ്റിമേറ്റ്സ് കമ്മിറ്റി (2023-2026)യുടെ ചെയർപേഴ്സണായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ മുപ്പത്തിയാറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2019-21)യുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2016-19)യുടെ പതിനെട്ടാമത് റിപ്പോർട്ടിലെ (വയനാട് ജില്ലയിലെ പ്രളയനാശനഷ്ടങ്ങളും അനന്തരപ്രവർത്തനങ്ങളും സംബന്ധിച്ച്) 2018 ഡിസംബർ മാസം 11-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ ആകെ 27 ശിപാർശകളാണുണ്ടായിരുന്നത്. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളും അതിന്മേൽ സമിതി ആരാഞ്ഞ അധികവിവരങ്ങളും അവയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടികളിൽ സമിതി അംഗീകരിച്ചവയും സമിതി ആരാഞ്ഞ അധികവിവരത്തിന്മേൽ ഇനിയും മറുപടി ലഭ്യമാക്കാനുള്ളവയും നടപടി റിപ്പോർട്ടുകൾ ലഭ്യമാക്കാത്ത ശിപാർശകളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

2026 ഫെബ്രുവരി മാസം 23-ാം തീയതി ചേർന്ന സമിതി യോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

**കെ. കെ. ശൈലജ ടീച്ചർ,**
ചെയർപേഴ്സൺ,
എസ്റ്റിമേറ്റ്സ് കമ്മിറ്റി.

തിരുവനന്തപുരം,
2026 ഫെബ്രുവരി 24

# റിപ്പോർട്ട്

## അദ്ധ്യായം-I

പതിനാലാം കേരള നിയമസഭാ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2016-19)യുടെ പതിനെട്ടാമത് റിപ്പോർട്ട് (വയനാട് ജില്ലയിലെ പ്രളയനാശനഷ്ടങ്ങളും അനന്തര പ്രവർത്തനങ്ങളും സംബന്ധിച്ച്) 11.12.2018-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ 35 ഖണ്ഡികകളിലായി ആകെ 27 ശിപാർ ശകളാണുണ്ടായിരുന്നത്.

ശിപാർശകളിന്മേൽ അനന്തരനടപടികൾ സ്വീകരിക്കുന്നതിന് റിപ്പോർ ട്ടിന്റെ പകർപ്പ് 14.03.2019-ന് സർക്കാരിലേയ്ക്ക് അയച്ചുകൊടുത്തു. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന സമാഹൃത കുറിപ്പുകൾ 11.11.2020, 03.03.2021, 12.08.2022, 04.11.2022, 26.03.2024, 19.12.2024, 05.05.2025, 23.10.2025 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ സമിതി പരിഗണിച്ചു.

സമിതി (2016-19)യുടെ പതിനെട്ടാമത് റിപ്പോർട്ടിലെ ശിപാർശകളും അവയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടികളിൽ സമിതി അംഗീകരിച്ചവയും ഈ റിപ്പോർട്ടിന്റെ അദ്ധ്യായം II-ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

സമിതി ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ട് പരിഗണിച്ച വേളയിൽ സമിതി ആരാഞ്ഞ അധികവിവരവും ഇനിയും അവയ്ക്ക് മറുപടി ലഭിക്കാത്തവയും നടപടി റിപ്പോർട്ട് ലഭ്യമാക്കാത്തവയും സംബന്ധിച്ച വിവരം അദ്ധ്യായം III-ൽ ഉൾപ്പെടുത്തിയിരിക്കുന്നു . ആയതിന്മേൽ അനന്തരനടപടി സ്വീകരിച്ച് സമിതിയെ അറിയിക്കേണ്ടതാണ്.

## അദ്ധ്യായം -II

### ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിന്മേൽ സമിതി അംഗീകരിച്ചവ

[ബ്രാക്കറ്റിൽ പരാമർശിച്ചിരിക്കുന്ന ഖണ്ഡികകൾ മൂലറിപ്പോർട്ടിലെ

ഖണ്ഡികകളാണ്.]

**ശിപാർശ 4 (ഖണ്ഡിക 8)**

പൂർണ്ണമായി വിളനാശം സംഭവിച്ചവർക്ക മാത്രമേ നിലവിലെ മാനദണ്ഡമനുസരിച്ച് നഷ്ടപരിഹാരം നൽകുവാൻ കഴിയൂ എന്ന് കൃഷി വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ സമിതിയുടെ വയനാട് സന്ദർശന വേളയിലെ തെളിവെടുപ്പ് യോഗത്തിൽ സമിതിയെ അറിയിച്ചു . എസ്.ഡി.ആർ.എഫ്.-ലെ (ദുരിതാശ്വാസ നിധി) വ്യവസ്ഥയനുസരിച്ച് ദീർഘകാല വിളകൾക്ക് 33 ശതമാനത്തിൽ കൂടുതൽ നഷ്ടമുണ്ടെങ്കിൽ ഒരു ഹെക്ടറിന് 18,000 രൂപ എന്ന നിരക്കിൽ നഷ്ടപരിഹാരം നൽകുവാൻ സാധ്യമാണെന്ന് സമിതി നിരീക്ഷിച്ചു. പ്രസ്തുത വ്യവസ്ഥയനുസരിച്ചുള്ള നഷ്ടപരിഹാരം നൽകുന്നതിനായി ദീർഘകാല വിളകൾക്ക് 33 ശതമാനത്തിലധികം നഷ്ടമുണ്ടോയെന്ന് കണ്ടെത്തുന്നതിനായി കാർഷിക യൂണിവേഴ്സിറ്റിയുടെ റിപ്പോർട്ട് ആവശ്യമാണെന്നും നിലവിൽ സി .പി.സി.ആർ.ഐ., ഐ.എ.എസ്.ആർ.ഐ. എന്നിവരും കാർഷിക സർവ്വകലാശാലയും പരിശോധനയ്ക്കായി സ്ഥലം സന്ദർശിച്ചിരുന്നുവെന്നും ഇതുവരെ സ്വീകരിച്ച വിവരങ്ങൾ അടിസ്ഥാനമാക്കി ഭാഗികമായി നഷ്ടമുണ്ടായവർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി 72 കോടിയോളം രൂപ ആവശ്യമുണ്ടെന്നും സമിതി മനസ്സിലാക്കി. ആയതിനാൽ കാർഷിക സർവകലാശാലയുടെ റിപ്പോർട്ട് താമസംവിനാ ലഭ്യമാക്കുന്നതിനും 33 ശതമാനത്തിൽ കൂടുതൽ നഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ ഹെക്ടറിന് 18,000 രൂപ എന്ന നിരക്കിൽ കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് ആവശ്യമായ സത്വര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

**കൃഷി (കൃഷി) വകുപ്പ്**

പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിച്ചാൽ നഷ്ടപരിഹാരം (സംസ്ഥാന ദുരിതാശ്വാസ വിഹിതം) കണക്കാക്കുമ്പോൾ നാശനഷ്ടം 33 ശതമാനമോ

അതിലധികമോ ആണെങ്കിൽ കാർഷിക വിളനാശം 2245-02-101-95 എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നു. അത്തരം സന്ദർഭങ്ങളിൽ ധനസഹായത്തിന്റെ യൂണിറ്റ് എന്നു പറയുന്നത് കേന്ദ്രമാനദണ്ഡമനുസരിച്ച് 'പഞ്ചായത്ത്' ' ആയി കണക്കാക്കും. ടി വിഷയത്തിൽ കാർഷിക സർവ്വകലാശാലയുടെ റിപ്പോർട്ട് ലഭിക്കുകയും ദീർഘകാല വിളകൾക്ക് ഹെക്ടറിനു 18000 രൂപ നിരക്കിൽ ആനുകൂല്യം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ തെക്കു പടിഞ്ഞാറൻ കാലവർഷക്കെടുതിയുടെ ഫലമായി നിലവിലെ നിബന്ധനകൾ അനുസരിച്ച് വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരവും, പ്രകൃതിക്ഷോഭം മൂലമുണ്ടായ കൃഷി നാശത്തിനും ആനുകൂല്യം അനുവദിക്കുകയുണ്ടായി. പ്രളയം മൂലം കൃഷി നാശം സംഭവിച്ച കർഷകർക്ക് 2401-00-800-91 ശീർഷകത്തിൽ നിന്ന് സംസ്ഥാനമൊട്ടാകെ 164.51 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്.

കുടിശ്ശികയുള്ള തുക വിതരണം ചെയ്യുന്നതിന് (30.06.2019 വരെ) 43 കോടി രൂപ അനുവദിക്കുന്നതിന് സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ആനുകൂല്യം വിതരണം ചെയ്യുന്നതാണ്.

**ശിപാർശ 7 (ഖണ്ഡിക 12)**

വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 1.54 കോടി രൂപ ലഭിച്ചുവെന്നും അതിൽ 98 ലക്ഷം രൂപ ചെലവഴിച്ചു കഴിഞ്ഞുവെന്നും ലഭിക്കുന്ന അപേക്ഷകൾ പരിഗണിച്ച് വരുന്നതിനാൽ തുക പൂർണ്ണമായി വിനിയോഗിക്കുമെന്നും വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം തുക വിതരണം ചെയ്യുന്നതിനായി 1.5 കോടി രൂപയുടെ അധിക ധനസഹായം ആവശ്യമുണ്ടെന്നും സമിതിക്ക് ബോധ്യപ്പെട്ടു. ആയതിനാൽ വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം തുക വിതരണം ചെയ്യുന്നതിനായി 1.5 കോടി രൂപയുടെ അധിക ധനസഹായം അനുവദിക്കണമെന്നും വിള ഇൻഷ്വറൻസിന് അപേക്ഷകർ കുറവായതിനാൽ പരമാവധി ആളുകളെ ഇൻഷ്വറൻസിന്റെ പരിധിയിൽ കൊണ്ടുവന്ന് സർക്കാർ ആനുകൂല്യം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

**കൃഷി (കൃഷി) വകുപ്പ്**

വിള ഇൻഷ്വറൻസ് പദ്ധതിയിൽ പരമാവധി കർഷകരെ ചേർക്കുന്നതിനായി 2019 ജൂലായ് മാസം വിള ഇൻഷ്വറൻസ് മാസമായി പരിഗണിച്ച് എല്ലാ പഞ്ചായത്തുകളിലും ക്യാമ്പയിൻ സംഘടിപ്പിച്ച് കൂടുതൽ ആളുകളെ ചേർത്തു. ആഗസ്റ്റ് മാസം 31 വരെയുള്ള കണക്ക് പ്രകാരം 2,15,000 കർഷകരെ ഇൻഷ്വറൻസ് പരിധിയിൽ കൊണ്ടുവരുന്നതിന് സാധിച്ചു . ഇപ്പോഴും കർഷകരെ ചേർത്തുകൊണ്ടിരിക്കുന്നു. വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം മുൻ വർഷങ്ങളിലെ കുടിശ്ശിക തുകയായി ലഭിക്കേണ്ടിയിരുന്ന 1.5 കോടി ഉൾപ്പെടെ സർക്കാരിൽ നിന്നും അനുവദിച്ച 35.23 കോടി രൂപ 14 ജില്ലകളിൽ നിന്നുള്ള ആവശ്യപ്രകാരം വീതിച്ചുനൽകി കർഷകരുടെ അക്കൗണ്ടിലേയ്ക്ക് ജില്ലകളിൽ നിന്നും അനുവദിക്കുന്നതിന് നടപടിയെടുത്തു.

**ശിപാർശ 8 (ഖണ്ഡിക 14)**

മൃഗ സംരക്ഷണ വകുപ്പിന് ലഭിച്ച അപേക്ഷകളിൽ നടപടി സ്വീകരിച്ച് വരികയാണെന്നും 221 കറവ പശുക്കളെ പ്രളയത്തിൽ നഷ്ടമായി എന്നും എരുമകൾക്കും കറവ പശുക്കൾക്കും ഓരോന്നിന് 30,000 രൂപയാണ് നഷ്ടപരിഹാരം നൽകാറുള്ളതെന്നും സമിതി മനസ്സിലാക്കി. ആയതിനാൽ വളർത്തു മൃഗങ്ങൾ നഷ്ടപ്പെട്ടവർക്ക് അർഹമായ നഷ്ടപരിഹാരം അടിയന്തരമായി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

**കൃഷി (മൃഗസംരക്ഷണ (ജി) വകുപ്പ്)**

മൃഗസംരക്ഷണ വകുപ്പ് മുഖാന്തരം 894 കർഷകരുടെ അപേക്ഷകളിന്മേൽ തീർപ്പുകൽപ്പിക്കുകയും പ്രളയത്തിൽ കന്നുകാലികളെ നഷ്ടപ്പെട്ടതിന്റെ നഷ്ടപരിഹാരമായി ആകെ 1,01,11,800/- രൂപ നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൽ 97,62,800/- രൂപ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ പക്കൽ നിന്നും 34,000/- രൂപ ജില്ലാ കളക്ടറുടെ

ദുരന്തനിവാരണ ഫണ്ടിൽ നിന്നുമാണ് നൽകിയിട്ടുള്ളത്.

**ശിപാർശ 9 (ഖണ്ഡിക 15)**

ആനുകൂല്യങ്ങൾ സമയബന്ധിതമായി ഗുണഭോക്താക്കൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിന് ഉദ്യോഗസ്ഥർ നടത്തി വരുന്ന പരിശ്രമം കൂടുതൽ ശക്തമാക്കി പരാതിരഹിതമായി കാര്യങ്ങൾ നടത്തണമെന്ന് സമിതി അഭിപ്രായപ്പെട്ടു . ഗുണഭോക്താക്കൾക്ക് കഴിവതും വേഗത്തിൽ ദുരിതാശ്വാസം ലഭിക്കുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

**കൃഷി (മൃഗസംരക്ഷണ (ജി) വകുപ്പ്)**

2018 ഓഗസ്റ്റ് 13 മുതൽ സെപ്റ്റംബർ 30 വരെ മൃഗസംരക്ഷണ വകുപ്പിന്റെ ജീവനക്കാർ കർഷകർക്ക് വീട്ടുപടിക്കൽ അവരുടെ കന്നുകാലികൾക്ക് ആവശ്യമായ തീറ്റയും മരുന്നുകളും ധാതുലവണമിശ്രിതവും ലഭ്യമാക്കി. ജില്ലയിലെ മുഴുവൻ പഞ്ചായത്തുകളിൽ ആകെ 5276 മൃഗങ്ങൾ 61 മൃഗാരോഗ്യ ക്യാമ്പുകൾ മുഖേന ചികിത്സ നൽകി. പശു, ആട്, പന്നി എന്നിവയ്ക്ക് തീറ്റയായി നൽകുവാൻ സാധിക്കുന്ന Total mixed ration ഈ ക്യാമ്പുകൾ വഴി ക്ഷീരകർഷകർക്ക് എത്തിച്ചു നൽകി . അസുഖങ്ങൾ പൊട്ടിപുറപ്പെടാതിരിക്കാനുള്ള മുൻകരുതലുകളെ കുറിച്ച് കർഷകരുടെ ഇടയിൽ ബോധവത്കരണം നടത്തി. ഒലിച്ചുപോയ മൃഗങ്ങളെ വലിയ കുഴികളിൽ ശാസ്ത്രീയമായി കുഴിച്ചുമൂടി. വകുപ്പിന്റെ സമയോചിതമായ ഇടപെടൽ കാരണം നാശനഷ്ടത്തിന്റെ തോത് വളരെയധികം കുറയ്ക്കുവാനും സാംക്രമിക രോഗങ്ങൾ പടരാതിരിക്കുവാനും സാധിച്ചു. ഏറ്റവും കൂടുതൽ നാശനഷ്ടം സംഭവിച്ച കർഷകർ പനമരം, പടിഞ്ഞാറത്തറ, പൊഴുതന പഞ്ചായത്തുകളിൽ നിന്നുള്ളവരാണ്.

**പുനരധിവാസ ജീവനോപാധികൾ**

**1. നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ പദ്ധതി**

റൂറൽ ഗോട്ട് റിയറിംഗ് പദ്ധതി-11 ആടുകൾ ഉൾപ്പെടുന്ന 46 യൂണിറ്റ് ജില്ലയിലെ

46 കർഷകർക്ക് നൽകി. ഇതിനായി 27,41,600/- രൂപ ചെലവഴിച്ചു.

**2. ബാങ്ക് വായ്പ പലിശ സബ്സിഡി**

മൃഗസംരക്ഷണ മേഖലയിൽ എടുത്തിട്ടുള്ള വായ്പകൾക്ക് മേലുള്ള പലിശയ്ക്ക് സബ്സിഡി തുകയായി 5000 രൂപ വരെ തെരെഞ്ഞെടുക്കപ്പെട്ട 550 കർഷകർക്കു നൽകി. പദ്ധതി തുക 27,20,000 രൂപയാണ്.

**3.ഉജ്ജീവനപദ്ധതി**

പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച കർഷകർക്ക് പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനായി ബാങ്ക് വായ്പ നൽകുന്നതാണ് പദ്ധതി. നാളിതുവരെ 6 കർഷകരാണ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്.

**ശിപാർശ 10 (ഖണ്ഡിക 17)**

കാർഷിക മേഖലയെ കൂടുതലായി ആശ്രയിക്കുന്ന വയനാടിന്റെ സമ്പദ്ഘടനയ്ക്ക് പ്രളയം ശക്തമായ പ്രഹരമേൽപ്പിച്ചുവെന്നും ഒരു വിളവെടുപ്പ് നഷ്ടപ്പെട്ട കർഷകർക്ക് അടുത്ത വിളവെടുപ്പ് വരെ വരുമാനമില്ലാത്ത സ്ഥിതി വിശേഷമാണ് സംജാതമായിട്ടുള്ളതെന്നും പ്രധാന വിളകളായ കാപ്പി, അടയ്ക്ക, കുരുമുളക് തുടങ്ങിയ ദീർഘകാല വിളകളിൽ സംഭവിച്ചിരിക്കുന്ന നഷ്ടം 700 കോടിക്ക് മുകളിൽ ആണെന്നും കർഷർക്കുണ്ടായ നഷ്ടങ്ങളിൽ നിന്നും അവരെ കരകയറ്റുവാൻ നഷ്ടപരിഹാരം പര്യാപ്തമല്ലെന്നും സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ, വയനാട് ജില്ലയ്ക്കായി ഒരു പ്രത്യേക കാർഷിക പാക്കേജ് പ്രഖ്യാപിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

**കൃഷി (കൃഷി) വകുപ്പ്**

നിലവിൽ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന വയനാട് പാക്കേജ് പദ്ധതി വഴി കർഷകർക്ക് സാങ്കേതിക, സാമ്പത്തിക സഹായങ്ങൾ നൽകി വരുന്നുണ്ട്. ജില്ലയിലെ കുരുമുളക് കൃഷിയുടെ സമഗ്രമായ വികസനത്തിനായി വിവിധ ഘടകങ്ങളിൽ ഉൾപ്പെടുത്തി കർഷകർക്ക് സഹായം നൽകി വരുന്നുണ്ട്. നിലവിൽ

കൃഷി വകുപ്പ് നടപ്പിലാക്കുന്ന വയനാട് പാക്കേജ് പദ്ധതിയ്ക്ക് 2019-20 സാമ്പത്തിക വർഷം 1700 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി വെള്ളപ്പൊക്ക ദുരിതങ്ങൾ പരിഹരിക്കുന്നതിനും പുനരുദ്ധാരണത്തിനും 620 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കാർഷിക വികസന കർഷക ക്ഷേമ വകുപ്പും മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പും സംയുക്തമായി പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. വയനാട് ജില്ലയിൽ നീർത്തടാടിസ്ഥാനത്തിൽ പ്രത്യേകിച്ച് മുള്ളൻ കൊല്ലി, പുൽപ്പള്ളി, പൂതാടി പഞ്ചായത്തുകളിൽ പ്രളയാനന്തര പുനർനിർമ്മാണത്തിന് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വിവിധ പ്രവർത്തനങ്ങളും ഇതിൽ ഉൾപ്പെടുന്നു . വയനാട് പാക്കേജ് പദ്ധതിയുടെ ഭാഗമായി പ്രളയത്തിൽ കൂടുതൽ നാശം സംഭവിച്ച വിളകളായ ജാതി, കുരുമുളക് എന്നിവയുടെ പുനരുജ്ജീവനത്തിനായി പ്രത്യേക പദ്ധതി നടപ്പിലാക്കുന്നു. ജാതികൃഷി വ്യാപനത്തിന് 50 ലക്ഷം രൂപയും കുരുമുളക് വികസനത്തിനായി 1000 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതുകൂടാതെ കൃഷി വകുപ്പ് നടപ്പിലാക്കുന്ന വിവിധ വിള വിസ്തൃതി വ്യാപന പദ്ധതികൾ, മണ്ണിന്റെ അമ്ലത്വം കുറയ്ക്കുന്നതിനും ഘടന നിലനിർത്തുന്നതിനുമുള്ള പദ്ധതികളും വയനാട്ടിൽ നടപ്പിലാക്കുന്നുണ്ട്.

**ഖണ്ഡിക നം. 17 & 28 -മേൽ സമിതി പൊതുവായി ആവശ്യപ്പെട്ട അധികവിവരം**

2019-20 സാമ്പത്തിക വർഷം വയനാട് ജില്ലയിലെ കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിനും വിവിധ വികസന പ്രവർത്തനങ്ങൾക്കുമായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ കൃഷി വകുപ്പിനോട് സമിതി ആരാഞ്ഞു.

**സർക്കാർ സ്വീകരിച്ച നടപടി (ശിപാർശ 10&21)**

**[(ഖണ്ഡിക നം. 17) & (ഖണ്ഡിക നം. 28)]**

**കൃഷി (കൃഷി) വകുപ്പ്**

2019-20 സാമ്പത്തിക വർഷത്തിൽ വയനാട് ജില്ലയിലെ കാർഷിക മേഖലയിലെ പുനരുദ്ധാരണത്തിനായി 675.03729 ലക്ഷം രൂപ വിവിധ വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്. വിശദ വിവരം അനുബന്ധം I-ആയി ചേർത്തിരിക്കുന്നു. വയനാട് പാക്കേജ് 2019-20 പദ്ധതി പ്രകാരം ആകെ 1393.7445 ലക്ഷം രൂപയാണ് ജില്ലയ്ക്ക് അനുവദിച്ചത്. ആയതിൽ 2020 മാർച്ച് 31 വരെ പാസ്സായ 675.03729 ലക്ഷം രൂപ ചെലവഴിച്ചു. എന്നാൽ 2020 മാർച്ച് 23 മുതൽ കോവിഡ് മഹാവ്യാധി മൂലം സമ്പൂർണ്ണ ലോക്ക് ഡൗൺ പ്രഖ്യാപിച്ചതിനാലും ട്രഷറി നിയന്ത്രണം ഉണ്ടായിരുന്നതിനാലും ബില്ലുകൾ Q Bill ആവുകയും Q Bill തുകയായ 359.24708 ലക്ഷം രൂപ 2020-21 സാമ്പത്തിക വർഷത്തിലെ അലോട്ട്മെന്റിൽ അനുവദിക്കുകയും മുഴുവനായും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ജാതി കൃഷി വ്യാപനം പദ്ധതിയിൽ 39 ലക്ഷം രൂപ ഇങ്ങനെ Q Bill ആയിട്ടാണ് ചെലവഴിച്ചിട്ടുള്ളത്. കണ്ടിന്യൂയിങ് സ്കീം ആയ വയനാട് പാക്കേജ് പദ്ധതിയിലെ വെള്ളപ്പൊക്ക ദുരിതങ്ങൾ പരിഹരിക്കുന്നതിനും പുനരുദ്ധാരണത്തിനും എന്ന ഇനത്തിന് 2020-21 ൽ 277.35949 ലക്ഷം രൂപ അനുവദിക്കുകയും പദ്ധതി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

**ശിപാർശ 11 (ഖണ്ഡിക 18)**

പ്രളയം ദീർഘകാല വിളകളെ തകർത്തുവെന്നതിനാൽ രണ്ടു മൂന്നു വർഷത്തേക്ക് കർഷകർക്ക് വരുമാനമില്ലാത്ത അവസ്ഥ ഉടലെടുത്തിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. **ആയതിനാൽ കാർഷിക കടങ്ങൾ എഴുതി തള്ളണമെന്നും മൊറോട്ടോറിയം പ്രഖ്യാപിക്കണമെന്നും പലിശരഹിത വായ്പ നൽകി പെട്ടെന്ന് വരുമാനം ലഭിക്കുന്ന പശു വളർത്തൽ , കോഴി വളർത്തൽ, കാലിത്തീറ്റപ്പുൽകൃഷി എന്നിവ പ്രോത്സാഹിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

**സർക്കാർ സ്വീകരിച്ച നടപടി**

**കൃഷി (ഐ.എഫ്.എ.) വകുപ്പ്**

2018-ൽ ഉണ്ടായ മഹാപ്രളയത്തെത്തുടർന്ന് 20.08.2018-ൽ നടന്ന പ്രത്യേക

എസ്.എൽ.ബി.സി. യോഗതീരുമാനപ്രകാരം ഹ്രസ്വകാല കാർഷിക വായ്പകൾക്ക് 31.07.2018 മുതൽ ഒരു വർഷത്തേക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിരുന്നു. കൂടാതെ ദീർഘകാല വായ്പകൾക്ക്, 31.07.2018 മുതൽ 18 മാസത്തെ മൊറട്ടോറിയം പ്രഖ്യാപിച്ചിരുന്നു. ഹ്രസ്വകാല വായ്പകൾ പുന:ക്രമീകരിക്കാൻ ആദ്യം റിസർവ്വ് ബാങ്ക് ഒക്ടോബർ 31 വരെയും, പിന്നീട് നവംബർ 30 വരെയും, പിന്നീട് 2018 ഡിസംബർ 31 വരെയും സമയം നീട്ടി നൽകുകയും ചെയ്തിരുന്നു.

2019-ലെ പ്രളയത്തെ തുടർന്ന് 03.09.2019-ന് കൂടിയ സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ പ്രത്യേക യോഗം, സംസ്ഥാനത്തെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ ഉടൻ നടപ്പിലാക്കേണ്ട പ്രളയ ദുരിതാശ്വാസ നടപടികൾ റിസർവ്വ് ബാങ്ക് നിബന്ധനകൾക്ക് വിധേയമായി ചർച്ച ചെയ്തു അംഗീകരിക്കുകയും, ഈ നടപടികളുടെ വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതുപ്രകാരം, സംസ്ഥാന സർക്കാർ അതാത് വർഷങ്ങളിൽ പ്രളയബാധിതമായി പ്രഖ്യാപിച്ചിട്ടുള്ള വില്ലേജുകളിലെ അർഹമായ വായ്പകളുടെ പുനക്രമീകരണവും , അധിക വായ്പയും പ്രസ്തുത നടപടികളുടെ ഭാഗമായിരുന്നു. നിലവിലെ നിബന്ധനകൾ പ്രകാരം അർഹരായവർക്ക് പശു വളർത്തൽ, കോഴി വളർത്തൽ മുതലായവയ്ക്ക് ബാങ്കുകൾ വായ്പ നൽകി വരുന്നുണ്ട്.

സംസ്ഥാനത്തെ കർഷകർ , വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമെടുത്തിട്ടുള്ള എല്ലാവിധ കാർഷിക വായ്പകളും, വിദ്യാഭ്യാസ വായ്പകളും ഉൾപ്പെടെയുള്ള എല്ലാ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് സ .ഉ.(എം.എസ്.) നം. 367/2018/റവ. തീയതി 27.05.2018 പ്രകാരം 2018 ഒക്ടോബർ 12 മുതൽ ഒരു വർഷത്തേക്ക് മൊറട്ടോറിയം അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് 05.03.2019-ലെ മന്ത്രിസഭാ യോഗതീരുമാന പ്രകാരം പ്രസ്തുത മൊറട്ടോറിയം സ.ഉ.(കൈ.)നം.146/2019/റവ. തീയതി 27.05.2019 പ്രകാരം 2019 ഡിസംബർ 31 വരെ ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ക്രുഷകർ എടുക്കുന്ന ഹ്രസ്വകാല വായ്പകൾ, റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ

താങ്ങ് പലിശ (Interest Subvention) പദ്ധതി പ്രകാരം 7% പലിശ നിരക്കിലാണ് നൽകുന്നത്. പ്രസ്തുത ലോണുകൾ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് 3% കൂടി സബ്സിഡി അനുവദിച്ചിട്ടുണ്ട്. കൂടാതെ കർഷകർക്ക് കൃഷിയ്ക്കും മറ്റ് ആവശ്യങ്ങൾക്കുമായി വേണ്ട സമയത്തും അളവിലും ലളിതമായ നടപടികളിലൂടെ ബാങ്ക് വായ്പ കിസാൻ ക്രഡിറ്റ് കാർഡിലൂടെ നൽകി വരുന്നുണ്ട്. 17-12-2019 -ലെ സ.ഉ.(കൈ.)നം.27/2018/DMD പ്രകാരം സർക്കാർ ഉജ്ജീവന വായ്പ പദ്ധതി എന്ന പേരിൽ ഒരു പദ്ധതി രൂപം നൽകി ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ദുരന്ത പ്രതികരണ നിധിയിൽ നിന്നും മാനദണ്ഡ പ്രകാരം 2018-ലെ പ്രളയത്തിൽ നഷ്ടപ്പെട്ടതിന് സഹായം ലഭിച്ച കിസാൻ ക്രഡിറ്റ് കാർഡ് ഉള്ള കർഷകർക്ക് കൃഷി വായ്പ (Crop Loan) കൃത്യമായി തിരിച്ചടയ്ക്കുന്ന പക്ഷം ആ പദ്ധതി വഴി 4% താങ്ങ് പലിശ ഒരു വർഷത്തേക്ക് ലഭിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതാണ്. പ്രസ്തുത സർക്കാർ ഉത്തരവിന് മുമ്പായി 2018-ലെ പ്രളയ നഷ്ടത്തിന് കൃഷി വായ്പ എടുത്തിട്ടുള്ള കിസ്സാൻ ക്രെഡിറ്റ് കാർഡ് ഉടമകൾക്കും ഈ സഹായം ലഭ്യമാണ്.

2018-ലെ പ്രളയത്തിൽ സർക്കാർ പ്രളയ /ഉരുൾപൊട്ടൽ ബാധിതമായി പ്രഖ്യാപിച്ച വില്ലേജുകളിലെ മാനദണ്ഡ പ്രകാരം ദുരന്ത ബാധിതരായി നിർണ്ണയിച്ച ക്ഷീരകർഷകർ, പൗൾട്രി കർഷകർ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ, തുടങ്ങിയവർക്ക് ഉജ്ജീവന വായ്പ പദ്ധതിപ്രകാരം ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും, സഹകരണ ബാങ്കുകളിൽ നിന്നും എടുക്കുന്ന വായ്പകൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം നൽകുവാനും ഉത്തരവായിട്ടുണ്ട്. 22.02.2019-ലെ സ.ഉ.(കൈ.)നം. 4/2019/DMD പ്രകാരം മേൽ നിഷ്കർഷിച്ച ദുരന്തബാധിതർക്ക് അവർ ജീവനോപാധി പുനരാരംഭിക്കുന്നതിനായി എടുക്കുന്ന ടേം ലോണിന്റെയോ പ്രവർത്തന മൂലധനത്തിന്റെയോ (working capital) മാർജിൻ മണി പരമാവധി 2 ലക്ഷം രൂപയായി നിജപ്പെടുത്തുകയും ആയത് നേരിട്ട് ലോൺ അക്കൗണ്ടിലേക്ക് കൊടുക്കുന്നതുമാണ്.

**<u>കൃഷി (എ.എച്ച്.എഫ്.) വകുപ്പ്</u>**

1. മൃഗസംരക്ഷണ വകുപ്പിന്റെ പൗൾട്രി ഫാമുകളിൽ നിന്നും ഒരു ദിവസം പ്രായമായ കോഴികുഞ്ഞുങ്ങളെ എഗ്ഗർ നഴ്സറികൾക്ക് നൽകി അവിടെ നിന്ന് 2 മാസം പ്രായമാകുമ്പോൾ വാങ്ങി ഒരു കോഴിയ്ക്ക് 100/- രൂപ നിരക്കിൽ കർഷകർക്ക് നൽകി വരുന്നു.

2. സംസ്ഥാനമൊട്ടാകെയുള്ള 1305 സ്കൂളുകളിൽ 50 കുട്ടികളിൽ ഒരു സ്കൂൾ കുട്ടിയ്ക്ക് 2 മാസം പ്രായമുള്ള 5 കോഴി കുഞ്ഞുങ്ങളെ 650 രൂപ സബ്സിഡി നിരക്കിൽ നൽകുന്ന പദ്ധതി 2019-20 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കും.

3. ചെറ്റച്ചൽ ഫാമിൽ ബ്രോയിലർ കോഴികുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്ന പദ്ധതിയ്ക്ക് തുടക്കമായി.

4. ആയൂർ തോട്ടത്തറ ഹാച്ചറിയിൽ ബ്രോയിലർ ബ്രീഡിംഗ് ഫാം തുടങ്ങുന്നതിനും, ബ്രോയിലർ കോഴികുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്നതിനും തീരുമാനിച്ചു. ഫാമിന്റെ പണികൾ 90% പൂർത്തിയായി.

കേരളത്തിൽ മുട്ടയുല്പാദനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യം മുൻനിർത്തി കെപ്കോ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഇവയാണ്.

**5. കെപ്കോ ആശ്രയ പദ്ധതി**

തെരെഞ്ഞെടുക്കുന്ന പഞ്ചായത്തുകളിലെ ഓരോ വിധവകൾക്കും ഇതുവഴി 10 കോഴികളും, 10 കിലോ തീറ്റയും, 50/- രൂപയുടെ മരുന്നും നൽകുന്നു.

**6. കെപ്കോ വനിതാമിത്രം പദ്ധതി**

തെരെഞ്ഞെടുക്കുന്ന പഞ്ചായത്തുകളിലെ കുടുംബശ്രീ യൂണിറ്റിൽപ്പെട്ട 1000 വനിതാ ഗുണഭോക്താക്കൾക്ക് 10 കോഴികളും, 10 കിലോ തീറ്റയും, മരുന്നും വിതരണം ചെയ്യുന്നു. ഇതിനായി ഓരോ ഗുണഭോക്താവും 250/- രൂപ വീതം ഗുണഭോക്തൃ വിഹിതമായി അടയ്ക്കേണ്ടതാണ്.

**7. കെപ്കോ നഗരപ്രിയ പദ്ധതി**

തെരെഞ്ഞെടുക്കപ്പെടുന്ന ഓരോ ഗുണഭോക്താവിനും 5 കോഴിയും ആധുനിക രീതിയിലുള്ള കൂടും, 5 കിലോ തീറ്റയും, മരുന്നും, നൽകുന്നതാണ് ഈ പദ്ധതി.

ഇതിനായി ഗുണഭോക്താക്കൾ നിശ്ചിത തുക ഗുണഭോക്തൃ വിഹിതമായി അടയ്ക്കേണ്ടതുണ്ട്.

**സമിതി ആവശ്യപ്പെട്ട അധികവിവരം**

കൃഷി (എ.എച്ച്.എഫ്.) വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ടിലെ ഒന്നും രണ്ടും ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുള്ള കോഴിക്കുഞ്ഞുങ്ങളുടെ വില വ്യത്യാസം സംബന്ധിച്ച് വ്യക്തത വരുത്തണമെന്ന് വകുപ്പിനോട് നിർദ്ദേശിച്ചു.

**സർക്കാർ സ്വീകരിച്ച നടപടി**

**മൃഗസംരക്ഷണ (എഫ്) വകുപ്പ്**

1. മൃഗസംരക്ഷണ വകുപ്പിന്റെ പൗൾട്രി ഫാമുകളിൽ നിന്നും ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ എഗ്ഗർ നഴ്സറികൾക്ക് നൽകി അവിടെ നിന്ന് 2 മാസം പ്രായമാകുമ്പോൾ വാങ്ങി ഒരു കോഴിയ്ക്ക് 100/- രൂപ നിരക്കിൽ കർഷകർക്ക് നൽകി വരുന്നു.

2. സംസ്ഥാനമൊട്ടാകെയുള്ള 1305 സ്കൂളുകളിൽ 50 കുട്ടികളിൽ ഒരു സ്കൂൾ കുട്ടിയ്ക്ക് 2 മാസം പ്രായമുള്ള 5 കോഴി കുഞ്ഞുങ്ങളെ 650 രൂപ സബ്സിഡി നിരക്കിൽ നൽകുന്ന പദ്ധതി 2019-20 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കും.

മേൽ ഖണ്ഡികകളിലെ കോഴിക്കുഞ്ഞുങ്ങളുടെ വില വ്യത്യാസം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സ്കൂൾ പൗൾട്രി സ്കീമിൽ 40-50 ദിവസമായ കോഴിക്കുഞ്ഞ് ഒന്നിന് 100/- രൂപ നിരക്കിലാണ് നൽകിയിരുന്നത്. 5 കോഴിക്കുഞ്ഞുങ്ങൾക്ക് 500/- രൂപയും തീറ്റ ചെലവിനായി 100/- രൂപയും മറ്റ് ആവശ്യങ്ങൾക്കായി ഓപ്പറേഷണൽ കോസ്റ്റ് ഇനത്തിൽ 50/- രൂപയും ഉൾപ്പെടെ ഒരു യൂണിറ്റിന് 650/- രൂപയാണ് വരുന്നത്.

**സമിതി ആവശ്യപ്പെട്ട അധികവിവരം**

മൃഗസംരക്ഷണ (എഫ്) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിച്ച സമിതി സ്കൂൾ പൗൾട്രി സ്കീമിൽ കോഴിക്കുഞ്ഞുങ്ങളുടെ വിതരണം പൂർത്തിയായിട്ടുണ്ടോയെന്ന് ബന്ധപ്പെട്ട വകുപ്പിനോട് ആരായുവാൻ തീരുമാനിച്ചു.

## സർക്കാർ സ്വീകരിച്ച നടപടി

**മൃഗസംരക്ഷണ (എഫ്) വകുപ്പ്**

1. മൃഗസംരക്ഷണ വകുപ്പിന്റെ പൗൾട്രി ഫാമുകളിൽ നിന്നും ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ എഗ്ഗർ നഴ്സറികൾക്ക് നൽകി അവിടെ നിന്ന് 2 മാസം പ്രായമാകുമ്പോൾ വാങ്ങി ഒരു കോഴിയ്ക്ക് 100/- രൂപ നിരക്കിൽ കർഷകർക്ക് നൽകി വരുന്നു.

2. സംസ്ഥാനമൊട്ടാകെയുള്ള 1305 സ്കൂളുകളിൽ 50 കുട്ടികളിൽ ഒരു സ്കൂൾ കുട്ടിയ്ക്ക് 2 മാസം പ്രായമുള്ള 5 കോഴി കുഞ്ഞുങ്ങളെ 650/- രൂപ സബ്സിഡി നിരക്കിൽ നൽകുന്ന പദ്ധതി 2019-20 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കും.

**മേൽ ഖണ്ഡികകളിലെ കോഴിക്കുഞ്ഞുങ്ങളുടെ വില വ്യത്യാസം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.**

സ്കൂൾ പൗൾട്രി സ്കീമിൽ 40-50 ദിവസമായ കോഴിക്കുഞ്ഞ് ഒന്നിന് 100/- രൂപ നിരക്കിലാണ് നൽകിയിരുന്നത്. 5 കോഴിക്കുഞ്ഞുങ്ങൾക്ക് 500/- രൂപയും തീറ്റ ചെലവിനായി 100/- രൂപയും മറ്റ് ആവശ്യങ്ങൾക്കായി ഓപ്പറേഷണൽ കോസ്റ്റ് ഇനത്തിൽ 50/- രൂപയും ഉൾപ്പെടെ ഒരു യൂണിറ്റിന് 650/- രൂപയാണ് വരുന്നത്.

**മേൽ ഖണ്ഡികയിലെ "സ്കൂൾ പൗൾട്രി സ്കീമിൽ കോഴിക്കുഞ്ഞുങ്ങളുടെ വിതരണം പൂർത്തിയാക്കിയിട്ടുണ്ടോ" എന്നത് സംബന്ധിച്ച അധികവിവര റിപ്പോർട്ട്**

2016-17 സാമ്പത്തിക വർഷത്തിൽ 50 യൂണിറ്റുകൾ അനുവദിക്കുകയും, 50 യൂണിറ്റുകൾ പൂർത്തീകരിക്കുകയും ചെയ്തു.

2017-18 സാമ്പത്തിക വർഷത്തിൽ 60 യൂണിറ്റുകൾ അനുവദിക്കുകയും, 60 യൂണിറ്റുകൾ പൂർത്തീകരിക്കുകയും ചെയ്തു.

2018-19 സാമ്പത്തിക വർഷത്തിൽ 86 യൂണിറ്റുകൾ അനുവദിക്കുകയും, 86 യൂണിറ്റുകൾ പൂർത്തീകരിക്കുകയും ചെയ്തു.

## ശിപാർശ 12 (ഖണ്ഡിക 19)

പ്രളയാനന്തരം വീടിനു ചുറ്റും വീണുകിടക്കുന്ന മണ്ണ് നീക്കം ചെയ്യുന്നതിനായി

നിലവിൽ തഹസിൽദാർ പരിശോധിച്ച് മണ്ണുമാന്തൽ യന്ത്രം ഉപയോഗിക്കുന്നതിനുള്ള അനുമതി നൽകുകയാണെന്നും നിലം നികത്തുന്നതിനോ മറ്റ് നിയമ വിരുദ്ധ പ്രവർത്തനങ്ങൾക്കോ ആ മണ്ണ് ഉപയോഗിക്കരുതെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും സമിതി മനസ്സിലാക്കി. ആയതിനാൽ മഴക്കെടുതിയിൽ അടിഞ്ഞു കൂടിയ മണ്ണ് പഞ്ചായത്തുകളുടെ നേതൃത്വത്തിൽ സുരക്ഷിതമായ സ്ഥലത്ത് എർത്ത് ബാങ്കായി സൂക്ഷിച്ച് പ്രളയാനന്തര നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

**തദ്ദേശസ്വയംഭരണ (ഇ.പി.എ.) വകുപ്പ്**

പ്രളയാനന്തരം വീടിനു ചുറ്റും വീണുകിടക്കുന്ന മണ്ണ് നീക്കം ചെയ്യുന്നതിനായി തഹസിൽദാർ പരിശോധിച്ച് മണ്ണുമാന്തൽ യന്ത്രം ഉപയോഗിക്കുന്നതിനുള്ള അനുമതി നൽകുകയാണെന്നും നിലം നികത്തുന്നതിനോ മറ്റ് നിയമ വിരുദ്ധ പ്രവർത്തനങ്ങൾക്കോ ആ മണ്ണ് ഉപയോഗിക്കരുതെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ മഴക്കെടുതിയിൽ അടിഞ്ഞുകൂടിയ മണ്ണ് പഞ്ചായത്തുകളുടെ നേതൃത്വത്തിൽ സുരക്ഷിതമായ സ്ഥലത്ത് എർത്ത് ബാങ്കായി സൂക്ഷിച്ച് പ്രളയാനന്തര നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തണമെന്ന സമിതി ശിപാർശ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച് ഗുണകരമായ ഒന്നാണ്. പ്രസ്തുത വിഷയത്തിൽ നയപരമായ തീരുമാനം ദുരന്തനിവാരണ വകുപ്പ്, ജലവിഭവ വകുപ്പ്, റവന്യൂ വകുപ്പ് എന്നീ വകുപ്പുകൾ ചേർന്ന് എടുക്കേണ്ടതുണ്ട്. എന്നാൽ പ്രീ മൺസൂൺ തയ്യാറെടുപ്പുമായി ബന്ധപ്പെട്ട് നദികളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനായി നദികളിൽ നിന്നും മണ്ണ് നീക്കം ചെയ്യുന്നതിനും ലേലം നടത്തുന്നതിനും വിവിധ വകുപ്പുകൾ നടത്തേണ്ട നടപടിക്രമങ്ങൾ വിശദമാക്കി 17.05.2022-ലെ G.O.(Rt.)No.442/2022/DMD പ്രകാരം ദുരന്തനിവാരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.)

**ശിപാർശ 13 (ഖണ്ഡിക 20)**

പ്രളയത്തിലകപ്പെട്ട് വിവിധ പ്രദേശങ്ങളിലേക്കുള്ള ഗതാഗത സംവിധാനം താറുമാറായതിനാൽ യുദ്ധകാലാടിസ്ഥാനത്തിൽ ഗതാഗതം പുന :സ്ഥാപി-ക്കേണ്ടതായി വന്നുവെന്നും നിലവിൽ വിവിധ പാതകളിൽ അറ്റകുറ്റപ്പണികൾ നടന്നുവരികയാണെന്നും സമിതിക്ക് ബോധ്യപ്പെട്ടു. ആയതിനാൽ, എത്രയും വേഗത്തിൽ വിവിധ പാതകളിലെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി ജില്ലയിലെ പാതകളെല്ലാം ഗതാഗതയോഗ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

**പൊതുമരാമത്ത് (പി.എസ്.) വകുപ്പ്**

പ്രളയത്തിൽ അകപ്പെട്ട വിവിധ പ്രദേശങ്ങളിലേയ്ക്കുള്ള പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിന്റെ കീഴിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കിയിട്ടുണ്ട്. വലിയ പദ്ധതികൾ നടപ്പിലാക്കുന്ന റോഡുകളിലെ പ്രവൃത്തികൾ ക്രമാനുസരണമായി നടപ്പിലാക്കി വരുന്നു. പ്രളയക്കെടുതിയിൽ വയനാട് ജില്ലയിലെ താമരശ്ശേരി ചുരത്തിൽ മണ്ണിടിച്ചിൽ മൂലം ദേശീയപാതയിലുണ്ടായ കേടുപാടുകൾ പൂർണ്ണമായി പരിഹരിച്ച് റോഡ് ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. പ്രളയത്തെത്തുടർന്ന് തകരാറിലായ പാതകളിലെ പാലങ്ങളിൽ വന്ന ചെറിയ കേടുപാടുകൾ പൂർത്തീകരിച്ച് പാലങ്ങൾ ഗതാഗതയോഗ്യമാക്കിയിട്ടുണ്ട് . ഗുരുതര കേടുപാടുകൾ സംഭവിച്ച പാലങ്ങൾ പുതുക്കി പണിയുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

**ശിപാർശ 15 (ഖണ്ഡിക 22)**

1924-ൽ കേരളം നേരിട്ട പ്രളയത്തിന്റെ അടയാളങ്ങളും രേഖകളും പരിമിതമായ അളവിലേ നമുക്കിന്ന് ലഭ്യമായിട്ടുള്ളൂ . പ്രളയവുമായി ബന്ധപ്പെട്ട ദുരന്തങ്ങൾ ലഘൂകരിക്കുന്നതിന് പ്രളയം സംബന്ധിച്ച രേഖകൾ പ്രയോജനകരമാണ് എന്നതിനാൽ 2018-ലെ പ്രളയത്തിന്റെ ഉയരവും പരപ്പും നമ്മൾ അടയാളപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് എന്ന് സമിതി കരുതുന്നു. ആയതിനാൽ 2018-ലെ പ്രളയത്തിന്റെ ഉയരവും പരപ്പും ഓരോ മേഖലകളിലും ഓരോ പഞ്ചായത്തുകളിലും

രേഖപ്പെടുത്തി സൂക്ഷിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

**തദ്ദേശസ്വയംഭരണ (ഇ.പി.എ.) വകുപ്പ്**

1924-ൽ നേരിട്ട പ്രളയത്തിന്റെ അടയാളങ്ങളും രേഖകളും പരിമിതമായ അളവിലേ നമുക്കിന്ന് ലഭ്യമായിട്ടുള്ളൂ . പ്രളയവുമായി ബന്ധപ്പെട്ട ദുരന്തങ്ങൾ ലഘൂകരിക്കുന്നതിന് പ്രളയം സംബന്ധിച്ച രേഖകൾ പ്രയോജനകരമാണ് എന്നതിനാൽ 2018-ലെ പ്രളയത്തിന്റെ ഉയരവും പരപ്പും ഓരോ മേഖലകളിലും ഓരോ പഞ്ചായത്തിലും രേഖപ്പെടുത്തി സൂക്ഷിക്കണമെന്ന സമിതി ശിപാർശ സ്വാഗതാർഹമാണ്. നിലവിൽ ദുരന്ത നിവാരണ വകുപ്പ് കൈവശവും അതാത് തദ്ദേശ സ്ഥാപനങ്ങളുടെ കൈവശവും പ്രസ്തുത രേഖകൾ ലഭ്യമാണെന്ന് കരുതുന്നു.

2018-ലെ പ്രളയത്തിന്റെ ഉയരവും പരപ്പും ഓരോ മേഖലകളിലും ഓരോ പഞ്ചായത്തിലും രേഖപ്പെടുത്തി സമഗ്രമായി ക്രോഡീകരിച്ച് പ്രസിദ്ധീകരിക്കുകയും സൂക്ഷിക്കുകയും ചെയ്യണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

കൂടാതെ, Localised Weather Reporting-നായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പിന്തുണയ്ക്കുന്നതിനായി സർക്കാർ ഇപ്പോൾ കൂടുതൽ നടപടികൾ KSDMA-യുടെ സഹായത്തോടുകൂടി കൈക്കൊണ്ടുവരുന്നു. മുൻ ദുരന്തങ്ങളിൽ നിന്നുള്ള വിവര ശേഖരണത്തിലൂടെയും പ്രാദേശികതലത്തിൽ ഉണ്ടാകാൻ സാധ്യതയുള്ള ദുരന്തങ്ങൾ മുൻകൂട്ടി കാണുവാൻ ഉപകരിക്കുന്ന “ Climate Modelling” ലൂടെയും “Risk Information” നഗരസഭകളുടെ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. അതുവഴി മെച്ചപ്പെട്ട ദുരന്ത ലഘൂകരണം സാധ്യമാക്കുവാനും അപായ സാധ്യത പ്രകാരമുള്ള ആസൂത്രണത്തിനും (Risk Informed Planning) കാലാവസ്ഥാ മോഡലിംഗിനും തദ്ദേസ്വയംഭരണ സ്ഥാപനങ്ങളെ സജ്ജമാക്കുവാനും സാധിക്കുന്നതാണ്.

**ശിപാർശ 16 (ഖണ്ഡിക 23)**

വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളിൽ പ്രളയാനന്തരം നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ജലത്തിന്റെ സ്വാഭാവിക ഒഴുക്കിനെ തടയുന്ന രീതിയിലാകരുത് എന്നതിനാൽ നിർമ്മാണ അനുമതി ചട്ടങ്ങൾ അത്തരത്തിൽ പുനഃക്രമീകരിക്കേണ്ടതാണ് എന്നും വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളിൽ ഭാവിയിൽ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ സസൂക്ഷ്മം നിരീക്ഷിക്കേണ്ടതാണെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളിൽ ഭാവിയിൽ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ജലത്തിന്റെ സുഗമമായ ഒഴുക്കിനെ തടയാത്ത രീതിയിലാകുന്ന തരത്തിൽ നിർമ്മാണ നിയന്ത്രണ ചട്ടങ്ങൾ പുന :ക്രമീകരിക്കണമെന്നും നിർമ്മാണ പ്രവർത്തനങ്ങൾ സസൂക്ഷ്മം നിരീക്ഷിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

**തദ്ദേശസ്വയംഭരണ (ആർ.ഡി.) വകുപ്പ്**

02.11.2019 തീയതിയിലെ സ .ഉ.(അച്ചടി)നം.77/2019/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം എസ്.ആർ.ഒ. നമ്പർ 828/2019 നമ്പറായി വിജ്ഞാപനം ചെയ്ത കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെയും 02.11.2019 തീയതിയിലെ സ .ഉ.(അച്ചടി)നം.78/2019/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം എസ്.ആർ.ഒ. നമ്പർ 829/2019 നമ്പറായി വിജ്ഞാപനം ചെയ്ത കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെയും ചട്ടം 22(4) -ൽ "No construction shall be made to obstruct the natural drains and streams in a plot. Failure to comply with this instruction will invite penalization under Section 51 of the Disaster Management Act, 2005 (Central Act 53 of 2005)" എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**ശിപാർശ 18 (ഖണ്ഡിക 25)**

ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ നിസ്സീമമായ സഹകരണ പ്രവർത്തനമാണ് കേരളത്തിലെ യുവതലമുറ നടത്തിയത് എന്നതിനാൽ തുടർപ്രവർത്തനങ്ങളിലും യുവതലമുറയെ പങ്കെടുപ്പിക്കേണ്ടതാണെന്ന് സമിതി നിരീക്ഷിച്ചു. പ്രളയാനന്തരമുള്ള കെട്ടിടങ്ങളുടെ അവസ്ഥ , വയറിംഗ്, പ്ലംബിംഗ് തുടങ്ങിയവ പരിശോധിച്ച് കേടുപാടുകൾ പരിഹരിക്കുന്നതിനായി എഞ്ചിനീയറിംഗ് - പോളിടെക്നിക്ക്-ഐ.ടി.ഐ.-കളിലെ വിദ്യാർത്ഥികളുടെ സേവനം വിനിയോഗിക്കാവുന്നതാണെന്നും ആയത് പ്രായോഗികമായ അവബോധം വളർത്തുന്നതിനും പഠനത്തിനൊപ്പം തൊഴിൽ എന്ന സംസ്കാരം പ്രാവർത്തികമാക്കുന്നതിനും സഹായിക്കുമെന്നും സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ പ്രളയാനന്തര പുനർനിർമ്മാണത്തിൽ പങ്കാളികളാകാൻ സന്നദ്ധരായ യുവാക്കളെ ഉപയോഗപ്പെടുത്തി പഠനത്തിനോടൊപ്പം തൊഴിൽ എന്ന സംസ്കാരം വളർത്തുവാൻ സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

### തൊഴിലും നൈപുണ്യവും (സി) വകുപ്പ്

ബഹു. മുഖ്യമന്ത്രിയുടെ 'പന്ത്രണ്ടിന വികസന പരിപാടി'-യിൽ ഉൾപ്പെട്ട ഒരു പദ്ധതിയാണ് 'പഠനത്തോടൊപ്പം തൊഴിൽ' ടി പദ്ധതി ജനകീയമാക്കുന്നതിന് വേണ്ടിയുള്ള സമയബന്ധിത നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി പഠനത്തോടൊപ്പം ഓണറേറിയത്തോടുകൂടി വിദ്യാർത്ഥികൾക്ക് തൊഴിലെടുക്കാവുന്ന ഒരു സംസ്കാരം വളർത്തിയെടുക്കുക എന്നത് സർക്കാരിന്റെ നയമായി പ്രഖ്യാപിച്ച് 06.03.2020-ലെ സ .ഉ.(കൈ) നം.17/2020/തൊഴിൽ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് ടി പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് വിശദമായ മാർഗ്ഗരേഖ തയ്യാറാക്കി സമർപ്പിക്കുന്നതിന് 26.05.2020-ലെ സ .ഉ.(സാധാ)നം.552/2020/തൊഴിൽ പ്രകാരം തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കൺവീനറായ ഒരു കമ്മിറ്റി

രൂപീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ വിശദമായ മാർഗ്ഗരേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ ഐ.ടി.ഐ.കളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ സേവനം ലഭ്യമാക്കുന്നതിന്റെ ഭാഗമായും പഠനത്തോടൊപ്പം തൊഴിൽ എന്ന സംസ്കാരവും, ട്രെയിനികളിൽ സാമൂഹ്യ അവബോധവും സൃഷ്ടിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയും 2020-21 സാമ്പത്തിക വർഷത്തെ 'നൈപുണ്യകർമ്മ സേന' എന്ന പദ്ധതി വിഭാവനം ചെയ്യുകയും 25 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. വ്യാവസായിക പരിശീലന വകുപ്പിലെ സാങ്കേതിക വൈദഗ്ദ്യമുള്ള ജീവനക്കാരെയും , ട്രെയിനികളെയും ഉപയോഗിച്ചു കൊണ്ട് സംസ്ഥാനത്ത് അടിക്കടി ഉണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങളിൽ സാധാരണ ജനങ്ങൾക്കു വേണ്ട സാങ്കേതിക സഹായം സൗജന്യമായി ലഭ്യമാക്കുക , സാമൂഹ്യവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്കാവശ്യമായ സാങ്കേതിക സഹായം സൗജന്യമായി ലഭ്യമാക്കുക എന്നിവയാണ് 'നൈപുണ്യകർമ്മ സേന' എന്ന പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിനായി സംസ്ഥാന സർക്കാരിന്റെ റീ-ബിൽഡ് കേരള എന്ന പദ്ധതിയുമായി ചേർന്ന് പ്രവർത്തിക്കാനും വ്യാവസായിക പരിശീലന വകുപ്പ് ലക്ഷ്യമിടുന്നുണ്ട്. ഇതിനായി എല്ലാ ജില്ലകളും ജില്ലാതല നൈപുണ്യകർമ്മസേന യൂണിറ്റുകൾ രൂപീകരിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

**<u>ഉന്നതവിദ്യാഭ്യാസ (ജി) വകുപ്പ്</u>**

എസ്റ്റിമേറ്റ്സ് കമ്മിറ്റി (2016-19)യുടെ പതിനെട്ടാമത് റിപ്പോർട്ടിലെ (വയനാട് ജില്ലയിലെ പ്രളയ നാശനഷ്ടങ്ങളും അനന്തര പ്രവർത്തനങ്ങളും സംബന്ധിച്ച്) ഖണ്ഡിക 25-ലെ ശിപാർശ പരിശോധിക്കുന്നതിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറെ നിയോഗിച്ചിട്ടുള്ളതാണ്.

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിട്ടുള്ള എട്ടംഗ വകുപ്പ് തല

സമിതി യോഗത്തിന്റെ റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയും ഇതിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നല്കിയിട്ടുള്ളതായും സമിതിയെ അറിയിക്കുന്നു.

**ശിപാർശ 19 (ഖണ്ഡിക 26)**

വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള വിവരങ്ങൾ പരിശോധിക്കുമ്പോൾ രജിസ്റ്റർ ചെയ്ത കർഷകരിൽ ഭൂരിഭാഗവും പ്രീമിയം അടക്കാതെ ഇൻഷ്വറൻസ് സുരക്ഷയിൽ ഉൾപ്പെടാത്ത അവസ്ഥയാണുള്ളതെന്നും പ്രീമിയവും പദ്ധതിയും സംബന്ധിച്ച വ്യക്തതകുറവും സങ്കീർണ്ണതകളും പ്രസ്തുത അവസ്ഥയിലേക്ക് നയിച്ചുവെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ കാർഷിക വിളകൾക്ക് ഒറ്റത്തവണ പ്രീമിയം അടച്ച് മുഴുവൻ വിളകൾക്കും ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കണമെന്നും കൃഷി നാശത്തിനുള്ള നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

**കൃഷി (കൃഷി) വകുപ്പ്**

പുനരാവിഷ്കരിച്ച വിള ഇൻഷ്വറൻസ് പദ്ധതിയെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും വ്യവസ്ഥകളും പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന കൃഷി ഭവനിൽ ലഭ്യമാണ്. ഇത് സംബന്ധിച്ച പ്രത്യേക ബോധവത്ക്കരണ പരിപാടികൾ എല്ലാ പഞ്ചായത്തിലും 2019 ജൂലൈ മാസം നടത്തിയിട്ടുണ്ട്. ഫാം ഇൻഫർമേഷൻ ബ്യൂറോയിൽ നിന്നും വിള ഇൻഷ്വറൻസ് പദ്ധതിയെ സംബന്ധിച്ച് വിവരങ്ങൾ അടങ്ങുന്ന ലഘുലേഖ അച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ട്. കേരളത്തിലെ കൃഷി സമ്പ്രദായ പ്രകാരം ദീർഘകാല വിളകളും ഹ്രസ്വകാല വിളകളും ഇടകലർന്നാണ് ചെയ്തു വരുന്നത്. ദീർഘകാല വിളകളായ തെങ്ങ്, കമുക്, റബ്ബർ എന്നിവ 3 വർഷത്തേയ്ക്ക് ഒറ്റത്തവണയായി പ്രീമിയം സ്വീകരിച്ചുവരുന്നു. വാർഷിക വിളകളായ വാഴ, കിഴങ്ങ് വർഗ്ഗം, പച്ചക്കറി മുതലായവ ഓരോ പ്രാവശ്യവും കൃഷി ഇറക്കുമ്പോൾ

ഇൻഷ്വർ ചെയ്യേണ്ടതുണ്ട് . സംസ്ഥാനത്തെ എല്ലാ പ്രധാന വിളകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പു വരുത്തിയും നഷ്ടപരിഹാരത്തുക പത്തിരട്ടി വരെ വർദ്ധിപ്പിച്ചും ഉൽപ്പാദന ചെലവിനു ആനുപാതികമായും വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.

## ശിപാർശ 20 (ഖണ്ഡിക 27)

പ്രാദേശിക മതസ്ഥാപനങ്ങളിലൂടെ നേരിട്ടെത്തുന്ന സ്വകാര്യ സഹായങ്ങൾ നിയന്ത്രിക്കുക എന്നത് വളരെയധികം പ്രയാസമേറിയതാണെന്നും അഴിമതി ആരോപണങ്ങൾ, അനർഹർക്ക് സഹായം നൽകൽ തുടങ്ങിയവ സംഭവിക്കാനിടയുണ്ടെന്നും പ്രളയാനന്തര പുനർനിർമ്മാണത്തിൽ അവരവരുടേതായ രീതിയിൽ പ്രവർത്തിക്കാനുള്ള സംഘടനകളുടെ സ്വാതന്ത്ര്യം ഹനിക്കാവുന്നതല്ലെന്നും സമിതി അഭിപ്രായപ്പെട്ടു. ആയതിനാൽ പ്രളയാനന്തര പുനർനിർമ്മാണത്തിനായി സ്വകാര്യ സന്നദ്ധ സംഘടനകൾ , മതസ്ഥാപനങ്ങൾ എന്നിവർ നൽകുന്ന സഹായം പഞ്ചായത്ത് തലത്തിൽ രജിസ്റ്റർ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

### തദ്ദേശസ്വയംഭരണ (ഇ.പി.എ.) വകുപ്പ്

പ്രളയാനന്തര പുനർ നിർമ്മാണത്തിനായി സ്വകാര്യ സന്നദ്ധ സംഘടനകൾ, മതസ്ഥാപനങ്ങൾ എന്നിവർ നൽകുന്ന സഹായം പഞ്ചായത്ത് തലത്തിൽ രജിസ്റ്റർ ചെയ്യണമെന്ന സമിതി ശിപാർശ പരിശോധിച്ചു. പ്രാദേശിക മതസ്ഥാപനങ്ങളിലൂടെ നേരിട്ടെത്തുന്ന സ്വകാര്യ സഹായങ്ങൾ നിയന്ത്രിക്കുക എന്നത് വളരെ അധികം പ്രയാസമേറിയതാണെന്ന് കാണുന്നതായും അഴിമതി ആരോപണങ്ങൾ, അനർഹർക്ക് സഹായം നൽകൽ തുടങ്ങിയവ സംഭവിക്കാനിടയുണ്ട് എന്നത് യോജിക്കുന്നു. പ്രളയാനന്തര പുനർ നിർമ്മാണത്തിൽ അവരവരുടേതായ രീതിയിൽ പ്രവർത്തിക്കാനുള്ള സംഘടനകളുടെ സ്വാതന്ത്ര്യം ഹനിക്കാത്ത തരത്തിൽ ടി

വിഷയത്തിൽ നിയന്ത്രണം കൊണ്ട് വരേണ്ടത് ആവശ്യമാണെന്ന് കാണുന്നു. സ്വകാര്യ സന്നദ്ധ സംഘടനകൾ, മതസ്ഥാപനങ്ങൾ എന്നിവർ നൽകുന്ന സഹായം പഞ്ചായത്ത് തലത്തിൽ രജിസ്റ്റർ ചെയ്യുകയും മേൽനോട്ടം ഉണ്ടാകുകയും ചെയ്യുന്ന പക്ഷം ഈ രംഗത്ത് കൂടുതൽ അക്കൗണ്ടബിലിറ്റി വരുത്തുന്നതിനും സാധിക്കും. പ്രളയാനന്തര പുനർനിർമ്മാണത്തിനായി സ്വകാര്യ സന്നദ്ധ സംഘടനകൾ , മതസ്ഥാപനങ്ങൾ എന്നിവർ നൽകുന്ന സഹായം പഞ്ചായത്ത് തലത്തിൽ രജിസ്റ്റർ ചെയ്യുകയും മേൽനോട്ടം ഉണ്ടാകുകയും ചെയ്യുന്നതിന് പഞ്ചായത്ത്, നഗരകാര്യ ഡയറക്ടർ-മാർ ഗ്രാമ വികസന കമ്മീഷണർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ശിപാർശ 24 (ഖണ്ഡിക 31)**

മണ്ണിടിച്ചിലും ഉരുൾപൊട്ടലും വെള്ളപ്പൊക്കവുംമൂലം റോഡും, വീടുകളും ഓഫീസുകളും മറ്റ് നിർമ്മിതികളും നഷ്ടപ്പെട്ട ഇടങ്ങളിൽ തന്നെ അവ പുനർനിർമ്മിക്കുന്നത് വീണ്ടും അപകടത്തെ ക്ഷണിച്ചു വരുത്തുന്നതിന് തുല്യമായിരിക്കുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ അപകട മേഖലകളിലുണ്ടായിരുന്ന നിർമ്മിതികൾ പുനർനിർമ്മിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ആലോചിച്ച് അപകടരഹിത മേഖലകൾ കണ്ടെത്തണമെന്നും അവിടെ പുനർ നിർമ്മാണം നടത്തുന്നതിനായി അഭിപ്രായ സമന്വയം രൂപീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

**തദ്ദേശസ്വയംഭരണ (ഇ.പി.എ.) വകുപ്പ്**

2021-ലെ പ്രകൃതിക്ഷോഭത്തിൽ വീടിന് നാശനഷ്ടം സംഭവിച്ചവർക്കും ദുരന്തബാധിതർക്കും ജീവഹാനി സംഭവിച്ചവരുടെ അവകാശികൾക്കും ആശ്വാസ ധനസഹായം അനുവദിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് സ .ഉ. (കൈ)നം.5/2021/DMD ആയി സർക്കാർ ഉത്തരവ് (അനുബന്ധം-III ആയി ചേർ

ത്തിരിക്കുന്നു.) പുറപ്പെടുവിച്ചിട്ടുള്ളതും ടി ഉത്തരവിലെ ക്രമനമ്പർ 5(ii)-ൽ നിഷ്കർഷിച്ചിരിക്കുന്നത് പ്രകാരം ദുരന്തത്തിൽ നാശം സംഭവിച്ച വീട് നിലനിന്നിരുന്ന വസ്തുവിൽ ഭാവിയിൽ ഒരു നിർമ്മാണ പ്രവൃത്തിയും നടത്തുന്നില്ലെന്നും ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുന്നതിന് എല്ലാ ഡി.ഡി.പി.-മാർക്കും പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. അപകടമേഖലയിലുണ്ടായിരുന്ന നിർമ്മിതികൾ പുനർ നിർമ്മിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ആലോചിച്ച് അപകടരഹിതമായവ കണ്ടെത്തണമെന്നും അവിടെ പുനർനിർമ്മാണം നടത്തുന്നതിനുമായി അഭിപ്രായസമന്വയം രൂപീകരിക്കണമെന്നുമുള്ള സമിതി ശിപാർശ അംഗീകരിക്കാവുന്നതാണ് എന്ന വിവരം അറിയിക്കുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട Risk Informed Planning exercise-ന്റെ ഭാഗമായി, അപകടസാധ്യത പ്രദേശങ്ങളും സുരക്ഷിതമായ പ്രദേശങ്ങളും തിരിച്ചറിയാൻ സഹായിക്കുന്ന ഭൂപടങ്ങൾ പഞ്ചായത്ത്/നഗരസഭ തലത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇത് കെടുതിബാധിതരെ പുനരധിവസിപ്പിക്കാൻ സഹായിക്കുന്നതാണ്. അർബൻ ലോക്കൽ ബോഡികൾക്കായി മാസ്റ്റർ പ്ലാൻ തയ്യാറാക്കലിൽ risk informed planning and zoning ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതാണ് . പാരിസ്ഥിതിക ദുർബല ഭൂപ്രദേശങ്ങളും അവയുടെ ആവശ്യകതകളും കണക്കിലെടുത്ത് കുന്നിൻ പ്രദേശങ്ങൾക്കായി കരട് കെട്ടിട നിർമ്മാണ നിയമങ്ങൾ (building rules) തദ്ദേശസ്വയംഭരണ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. അവയ്ക്ക് അന്തിമരൂപം നൽകി വരികയാണ്.

**ശിപാർശ 25 (ഖണ്ഡിക 32)**

പച്ചക്കറി കൃഷിയിലും ക്ഷീരോൽപ്പാദനത്തിലും സ്വയം പര്യാപ്തതയിലേക്ക് നടന്നടുക്കുകയായിരുന്ന വയനാട് ജില്ലയെന്നും പ്രകൃതിക്ഷോഭം രണ്ട്

മേഖലകളെയും പതിറ്റാണ്ടുകൾ പിറകിലേക്ക് കൊണ്ടുപോവുകയും നാണ്യവിളകളുടെ നാശം ജില്ലയുടെ വരുമാന മാർഗ്ഗത്തെയും ഇല്ലാതാക്കിയെന്നും പ്രസ്തുത മേഖലകളെ പഴയതുപോലെ വീണ്ടെടുക്കുക മാത്രമല്ല വേണ്ടതെന്നും സമിതി നിരീക്ഷിച്ചു. ഈ മേഖലകളെ ഭാവിയിലെ ആവശ്യങ്ങൾ കൂടി കണക്കിലെടുത്ത് പുനഃക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

### കൃഷി (പി.എസ്.) വകുപ്പ്

2018-ലെ പ്രളയത്തിനു ശേഷം , കാർഷിക മേഖലയ്ക്ക് ഉണ്ടായ നഷ്ടങ്ങളിൽ നിന്നും ഈ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി വിവിധ പ്രവർത്തനങ്ങൾ കൃഷി വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. വയനാട് ജില്ലയിൽ മാത്രം പച്ചക്കറി കൃഷി പുനഃരുജ്ജീവനത്തിനായി 12 ലക്ഷം പച്ചക്കറി തൈകളും, 2 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും വിതരണം ചെയ്തിട്ടുണ്ട്. 148 ഹെക്ടർ സ്ഥലത്തെ പുനർ കൃഷിയ്ക്കാവശ്യമായ ദീർഘകാല വിളകളുടെ നടീൽ വസ്തുക്കളും വിതരണം നടത്തിയിട്ടുണ്ട്. 2019-20-ലെ വാർഷിക പദ്ധതിയിൽ വയനാട് ജില്ലയുടെ വികസനത്തിനായി (വയനാട് പാക്കേജ് പദ്ധതി) 1700 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ സമഗ്ര കുരുമുളക് വികസനത്തിനും , ജാതി കൃഷിയുടെ വിസ്തൃതി വ്യാപനത്തിനും , വെള്ളപ്പൊക്ക ദുരിതങ്ങൾ പരിഹരിക്കുന്നതിനും, പുനരുദ്ധാരണത്തിനുമുള്ള പുതിയ ഘടകങ്ങൾ ഉൾ പ്പെടുത്തിയിട്ടുണ്ട്. വയനാട്ടിലെ കാർഷിക മേഖലയിലെ വെള്ളപ്പൊക്കം മൂലമുണ്ടായ നഷ്ടം പരമാവധി പരിഹരിക്കുന്നതിനും മേഖലയുടെ പുനരുദ്ധാരണത്തിനും മാത്രമായി 620 ലക്ഷം രൂപ വാർഷിക പദ്ധതിയിൽ നീക്കി വയ്ക്കുകയും ചെയ്തിട്ടുണ്ട്.

## ശിപാർശ 26 (ഖണ്ഡിക 33)

കാർഷിക നഷ്ടങ്ങളും കടങ്ങളും കൊണ്ട് ഉഴലുന്ന വയനാട്ടിലെ കർഷകർക്ക്

ടൂറിസം അതിജീവനത്തിന്റെ മറ്റൊരു സാധ്യതയായിരുന്നു . വലിയൊരു വിഭാഗം ജനങ്ങളാണ് ടൂറിസത്തെ ആശ്രയിച്ച് കഴിഞ്ഞിരുന്നത് . എന്നാൽ പ്രളയം വയനാടിന്റെ ടൂറിസം മേഖലയെയും വിനോദ സഞ്ചാര കേന്ദ്രങ്ങളെയും കാര്യമായി ബാധിക്കുകയുണ്ടായി. പ്രളയത്തിൽ നിന്ന് പാഠമുൾക്കൊണ്ട് തിരിച്ചുവരവിനായി ഒരുങ്ങുകയാണ് വയനാടൻ വിനോദസഞ്ചാര മേഖല. പ്രളയത്തിൽ വയനാട്ടിലെ വിനോദസഞ്ചാര കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന പല റോഡുകളും തകർന്നത് വിനോദസഞ്ചാര മേഖലയെ കാര്യമായി ബാധിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രസ്തുത റോഡുകൾ പുനർനിർമ്മിച്ച് ഗതാഗതയോഗ്യമാക്കുന്നതിനും ടൂറിസം മേഖല പുനരുജ്ജീവിപ്പിക്കുന്നതിനും ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

**വിനോദസഞ്ചാര (സി) വകുപ്പ്**

റോഡുകളുടെ നിർമ്മാണം ടൂറിസം വകുപ്പിന്റെ പരിധിയിൽ വരുന്ന സംഗതിയല്ല. എന്നിരുന്നാലും ടൂറിസം കേന്ദ്രങ്ങളിലേയ്ക്ക് വരുന്ന സന്ദർശകർക്ക് ലാസ്റ്റ് മൈൽ കണക്ടിവിറ്റി ആയുള്ള റോഡ് സംബന്ധിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ വകുപ്പ് നടത്തി വരുന്നു.

**പൊതുമരാമത്ത് (പി.എസ്.) വകുപ്പ്**

വയനാട് ജില്ലയിലെ പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിന്റെ പരിധിയിൽ വരുന്ന ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് കിടക്കുന്ന റോഡുകൾ എല്ലാം തന്നെ ഗതാഗതയോഗ്യമാക്കിയിട്ടുണ്ട് . കൂടാതെ പുനർനിർമ്മാണ പദ്ധതികൾ നടപ്പിലാക്കുന്ന റോഡുകളിലെ പ്രവൃത്തികൾ ഭൂരിഭാഗവും ആരംഭിച്ച് കഴിഞ്ഞു. ബാക്കിയുള്ളവ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു . ദേശീയപാതാ വിഭാഗത്തിന്റെ കീഴിലുള്ള റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

## ശിപാർശ 27 (ഖണ്ഡിക 34)

വയനാട്ടിലെ വനപ്രദേശങ്ങളും മറ്റും കൈയ്യേറി അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് വയനാടിന്റെ പാരിസ്ഥിതിക സന്തുലനം തകർക്കുമെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ വയനാട്ടിലെ വനപ്രദേശങ്ങളിലെ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും പ്രളയത്തിൽ തകർന്ന വയനാട്ടിലെ വിനോദസഞ്ചാര മേഖലയുടെ പുനർനിർമ്മാണത്തിൽ ഹരിതരീതി കർശനമാക്കണമെന്നും സുരക്ഷ , മലിനീകരണ നിയന്ത്രണം എന്നിവയുമായി ബന്ധപ്പെട്ട ചട്ടങ്ങൾ പുതുക്കണമെന്നും പുതുക്കിയ ചട്ടങ്ങളുടെ കൃത്യമായ നടപ്പാക്കൽ ഉറപ്പ് വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

### വിനോദസഞ്ചാര (സി) വകുപ്പ്

പ്രളയത്തിൽ തകർന്ന വയനാട്ടിലെ വിനോദസഞ്ചാര വകുപ്പിന്റെ പരിധിയിൽ വരുന്ന സ്ഥലങ്ങളിൽ പ്രസ്തുത പ്രവർത്തനങ്ങൾ കർശനമായി പാലിക്കുന്നതിന് ടൂറിസം വകുപ്പ് നടപടി സ്വീകരിക്കുന്നതാണ്. ഇതനുസരിച്ച് പ്രളയക്കെടുതി മൂലം തകരാറിലായ വയനാട് ജില്ലയിലെ വിവിധ ടൂറിസം കേന്ദ്രങ്ങളുടെ പുനർനിർമ്മാണത്തിന് 2,09,20,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

### പരിസ്ഥിതി (എ) വകുപ്പ്

വ്യവസായ ശാലകൾ, സ്ഥാപനങ്ങളിൽ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനായി ബോർഡ് കേന്ദ്ര സർക്കാരിന് വിജ്ഞാപനം ചെയ്തിട്ടുള്ള 1974-ലെ ജല മലിനീകരണ (നിവാരണവും നിയന്ത്രണവും) നിയമപ്രകാരവും, 1968-ലെ വായുമലിനീകരണ (നിവാരണവും

നിയന്ത്രണവും) നിയമപ്രകാരവും പ്രവർത്തനാനുമതി നൽകി വരുന്നു. പ്രസ്തുത അനുമതിയിലെ നിബന്ധനകൾ പാലിക്കുന്നുണ്ടോയെന്ന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർ ഉറപ്പുവരുത്തുകയും തുടർ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

## അദ്ധ്യായം – III

## ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ടിൽ സമിതി അധികവിവരം ആരാഞ്ഞവയും ഇനിയും നടപടി റിപ്പോർട്ട് ലഭ്യമാക്കാനുള്ളവയും

### ശിപാർശ 5 (ഖണ്ഡിക 10)

ജല വിതരണം, ജലസേചനം എന്നിവയ്ക്കായുള്ള 125 ഓളം വരുന്ന പമ്പ് സെറ്റുകൾ തകർന്നുവെന്നും അവയുടെ അറ്റകുറ്റപ്പണികൾക്കായി പ്രത്യേക സംവിധാനമില്ല എന്നത് കൃഷിയുടെ പുനരാരംഭ സമയത്ത് കർഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കുമെന്നും, അറ്റകുറ്റപ്പണികൾക്കായി സാങ്കേതികമായി ഒരു ഹെഡ് ഓഫ് അക്കൗണ്ട് ഉള്ളതിൽ സാധാരണയായി നാമമാത്രമായ വിഹിതമേ നൽകാറുള്ളൂ എന്നും സമിതി വിലയിരുത്തി. ആയതിനാൽ പമ്പുസെറ്റുകളുടെ അറ്റകുറ്റ പണികൾക്കായി ദുരിതാശ്വാസ നിധിയിൽ നിന്നും ആവശ്യമായ തുക നൽകുന്നതിന് സത്വര നടപടി കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

**ജലവിഭവ (ജലവിതരണ-സി) വകുപ്പ്**

2018 ആഗസ്റ്റ് 15 മുതൽ സംസ്ഥാനത്തുണ്ടായ കനത്ത മഴയും പ്രളയവും കാരണം വാട്ടർ അതോറിറ്റിയുടെ പല പമ്പ്ഹൗസുകളും വെള്ളത്തിൽ മുങ്ങുകയും ചെളി കയറുകയും പൈപ്പ് ലൈനുകൾക്കു സ്ഥാനചലനം സംഭവിക്കുകയും ചിലയിടങ്ങളിൽ പൈപ്പ് ലൈനുകൾ ഒലിച്ചു പോകുകയും ചെയ്തു . അടിയന്തര സാഹചര്യങ്ങൾ കൈകാര്യം ചെയ്യുവാനും പുനരുദ്ധാരണ പ്രവർത്തികൾക്കുമായി

അതോറിറ്റിയുടെ തനത് ഫണ്ട്, എസ്.ഡി.ആർ.എഫ്, സ്റ്റേറ്റ് പ്ലാൻ ഫണ്ട് മുതലായവ ഉപയോഗപ്പെടുത്തി പുനരുദ്ധാരണ/പുനർനിർമ്മാണ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. വയനാട് ജില്ലയിലെ കേരള വാട്ടർ അതോറിറ്റിയുടെ മുപ്പതോളം അനുബന്ധ പമ്പിംഗ് സ്റ്റേഷനുകൾക്കും പ്രളയത്തിൽ കേടുപാടുകളുണ്ടായിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി 29 വിവിധ പ്രവൃത്തികൾക്കായി 134.36 ലക്ഷം രൂപയുടെ അനുമതി നൽകിയിട്ടുണ്ടെന്നും ഇതിൽ മോട്ടോർ, പമ്പ്സെറ്റ് അനുബന്ധ അറ്റകുറ്റ പ്രവൃത്തികൾക്കായി 28.57 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതായും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം സമിതി മുമ്പാകെ ബോധിപ്പിക്കുന്നു.

**<u>സമിതി ആവശ്യപ്പെട്ട അധികവിവരം</u>**

അറ്റകുറ്റപണികൾക്ക് കാലതാമസം ഉണ്ടായതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും പ്രസ്തുത പ്രവർത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ചും പുനരുദ്ധാരണ/പുനർ നിർമ്മാണ പ്രവൃത്തികളുടെ പൂർത്തീകരണം സംബന്ധിച്ചും ബന്ധപ്പെട്ട വകുപ്പിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തു.

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

**<u>ജലവിഭവ (ജലവിതരണ-സി) വകുപ്പ്</u>**

എസ്റ്റിമേറ്റ്സ് കമ്മിറ്റി (2016-19) വയനാട് ജില്ലയിലെ പ്രളയനാശനഷ്ടങ്ങളും അനന്തര പ്രവർത്തനങ്ങളും സംബന്ധിച്ച 18-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 10-ലെ ശിപാർശ പ്രകാരം, 29 വിവിധ പ്രവൃത്തികൾക്കായി 134.36 ലക്ഷം രൂപയുടെ അനുമതി ലഭ്യമായിട്ടുണ്ട്. ഇതിൽ മോട്ടോർ പമ്പ് സെറ്റ് അനുബന്ധ അറ്റകുറ്റ പ്രവൃത്തികൾക്കായി 28.57 ലക്ഷം ആണ് അനുവദിച്ചത്. കൂടാതെ പ്രവൃത്തികളെല്ലാം പൂർത്തീകരിച്ചിട്ടുള്ളതായി കേരള വാട്ടർ അതോറിറ്റി സുൽത്താൻബത്തേരി എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചിട്ടുണ്ട്.

**സമിതി ആവശ്യപ്പെട്ട അധികവിവരം**

2018-ലെ പ്രളയത്തെത്തുടർന്ന് എല്ലാ ജില്ലകളിലേയും പ്രളയബാധിത പ്രവർത്തനങ്ങൾക്കായി ജലവിഭവ വകുപ്പിന് അനുവദിച്ച തുക എത്രയാണെന്നും എത്ര ബില്ലുകൾ മാറിയിട്ടുണ്ടെന്നും നാളിതുവരെ പൂർത്തിയാക്കിയ പ്രവൃത്തികൾ സംബന്ധിച്ചുമുള്ള മുഴുവൻ രേഖകളുമടങ്ങിയ വിശദമായ റിപ്പോർട്ട് ആവശ്യപ്പെടുവാൻ സമിതി തീരുമാനിച്ചു.

**ശിപാർശ 21 (ഖണ്ഡിക 28)**

പ്രളയാനന്തര നഷ്ടങ്ങളുടെ കണക്കെടുപ്പും വിലയിരുത്തലുമായി വളരെയധികം പ്രവർത്തനങ്ങൾ വകുപ്പ് തലത്തിൽ നടത്തിയിട്ടുണ്ട്. വ്യക്തിപരവും സാമൂഹ്യപരവും പരിസ്ഥിതിപരവുമായതും ലഭ്യമായതുമായ വിവരങ്ങൾ നൂതന സാങ്കേതിക വിദ്യകളുടെ സഹായം ഉപയോഗിച്ച് കണക്കാക്കി വകുപ്പ് തലത്തിൽ സൂക്ഷിക്കേണ്ടതാണെന്നും ദുരന്തങ്ങൾക്ക് ശേഷവും മുമ്പും ഉള്ള ആസ്തികളുടെ മൂല്യത്തിലെ വ്യത്യാസങ്ങൾ ഉപയോഗിച്ച് നാശനഷ്ടങ്ങളുടെ കണക്കെടുപ്പ് സമഗ്രമായി നടത്തുന്നതിന് അത് വളരെയധികം സഹായകമായിരിക്കുമെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ നൂതന വിവര സാങ്കേതിക വിദ്യകളുടെ സഹായത്താൽ ഓരോ നിശ്ചിത കാലയളവിലും ആസ്തികളുടെ കണക്കെടുത്ത് സൂക്ഷിക്കുന്ന സമ്പ്രദായം വകുപ്പുകളിൽ നടപ്പിലാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

**വിനോദസഞ്ചാര (സി) വകുപ്പ്**

നിയമസഭാ സമിതിയുടെ ശിപാർശ പ്രകാരം നൂതന വിവര സാങ്കേതിക വിദ്യകളുടെ സഹായത്താൽ ഓരോ മൂന്ന് വർഷത്തിലൊരിക്കൽ ആസ്തികളുടെ കണക്കെടുത്ത് സൂക്ഷിക്കുന്നതിനും, പകർപ്പ് ടൂറിസം ഡയറക്ടർക്ക് സമർപ്പിക്കുന്നതിനും ടൂറിസം വകുപ്പിന് കീഴിലുള്ള എല്ലാ ഓഫീസുകൾക്കും , ജില്ലാ

ഓഫീസർമാർക്കും വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

**<u>പരിസ്ഥിതി (എ) വകുപ്പ്</u>**

ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. സംസ്ഥാനത്തെ വ്യവസായ ശാലകൾ, വാണിജ്യ സ്ഥാപനങ്ങൾ , ഫ്ലാറ്റുകൾ എന്നിവ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ സ്ഥാപനാനുമതിയും പ്രവർത്തനാനുമതിയും ലഭിക്കുന്നതിനായി ഓൺലൈൻ വഴിയാണ് അപേക്ഷ സമർപ്പിക്കുന്നത് . അവ സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ ഡേറ്റ ബേസ് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിലവിലുണ്ട്. കൂടാതെ ENVICLEAN എന്ന മൊബൈൽ ആപ്ലിക്കേഷൻ മുഖേന പ്രസ്തുത സ്ഥാപനങ്ങളുടെ സ്ഥാനം, തദ്ദേശ സ്ഥാപനങ്ങൾ ഏർ പ്പെടുത്തിയ സംസ്കരണ സംവിധാനങ്ങളുടെ സ്ഥാനമടങ്ങിയ വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള നടപടികൾ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നടപ്പിലാക്കി വരുന്നു.

**<u>പൊതുമരാമത്ത് (പി.എസ്.) വകുപ്പ്</u>**

പൊതുമരാമത്ത് വകുപ്പിന്റെ ആസ്തികളായ നിരത്തുകൾ (നാഷണൽ ഹൈവേ, സ്റ്റേറ്റ് ഹൈവേ, പ്രധാന ജില്ലാ റോഡുകൾ), പാലങ്ങൾ, കലുങ്കുകൾ, കെട്ടിടങ്ങൾ എന്നിവയുടെ വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്ത് ഇലക്ട്രോണിക് ആസ്തി രൂപത്തിൽ സൂക്ഷിക്കുന്ന സംവിധാനം പ്രൈസ് സോഫ്റ്റ് വെയർ രണ്ടാംഘട്ടത്തിന്റെ ഭാഗമായി നടപ്പാക്കിയിട്ടുണ്ട്. ഈ സംവിധാനത്തിലേക്ക് ആസ്തികളെപ്പറ്റിയുള്ള വിവരങ്ങൾ ശേഖരിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു . പൊതുമരാമത്ത് പുതുക്കിയ മാന്വൽ 2012 പ്രകാരമുള്ള വിവരങ്ങളാണ് ആസ്തി രജിസ്റ്ററിനുവേണ്ടി ശേഖരിക്കുന്നത്. പ്രളയം പോലുള്ള പ്രകൃതി ദുരന്തങ്ങൾമൂലം ഏറ്റവും കൂടുതൽ നാശനഷ്ടങ്ങൾ സംഭവിക്കുന്നത് പ്രധാനമായും റോഡുകൾക്കാണ്. റോഡുകളെ സംബന്ധിച്ച പരിസ്ഥിതിപരവും ഭൂമിശാസ്ത്രപരവും സാങ്കേതികവുമായ വിവരങ്ങൾ ശേഖരിച്ച് അവ ഉപയോഗിച്ച് റോഡുകളുടെ ശാസ്ത്രീയമായ നവീകരണത്തിനും പരിപാലനത്തിനും വേണ്ട

എസ്റ്റിമേറ്റുകളും ബജറ്റ് പ്രൊപ്പോസലുകളും തയ്യാറാക്കുന്നതിനുള്ള കമ്പ്യൂട്ടർ അധിഷ്ഠിത റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം പൊതുമരാമത്ത് വകുപ്പിൽ നടപ്പാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇത് ലോകബാങ്ക് സഹായത്തോടെ കെ.എസ്.ടി.പി.പദ്ധതിയിലൂടെയാണ് നടപ്പിലാക്കുന്നത്. ഇതിനുവേണ്ടി സാങ്കേതിക സഹായം നൽകുന്നത് കേന്ദ്ര ഏജൻസിയായ സെൻട്രൽ റോഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (CRRI) ആണ്. ഇതിന്റെ ഭാഗമായി 4000 കി. മീ. വരുന്ന സ്റ്റേറ്റ് ഹൈവേകളുടെ വിവരങ്ങൾ ഓട്ടോമാറ്റിക് റോഡ് സർവ്വേ വാഹനം ഉപയോഗിച്ച് ശേഖരിക്കുന്ന പ്രവൃത്തികൾ CRRI നടത്തിവരുന്നു. ഈ പദ്ധതിക്കുവേണ്ട സോഫ്റ്റ് വെയർ വാങ്ങുന്നതിനുള്ള നടപടികൾ കെ.എസ്.ടി.പി.-യിൽ പുരോഗമിക്കുന്നു.

**നിയമ (പാർലമെന്റ്) വകുപ്പ്**

നിയമ വകുപ്പിൽ ഉപയോഗിക്കുന്ന കമ്പ്യൂട്ടറുകൾ , പ്രിന്ററുകൾ, സ്കാനറുകൾ, നെറ്റ്‌വർക്ക് കണക്ഷനുകളുമായി ബന്ധപ്പെട്ട വസ്തുക്കൾ /ഉപകരണങ്ങൾ, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ നിയമ വകുപ്പിന് നൽകുന്നതും പരിപാലിക്കുന്നതും, പ്രസ്തുത ഉപകരണങ്ങളുടെ കണക്കുകൾ സൂക്ഷിക്കുന്നതും സെക്രട്ടേറിയറ്റിലെ വിവരസാങ്കേതിക വകുപ്പും , ഇലക്ട്രിക് ഉപകരണങ്ങൾ നൽകുന്നതും പരിപാലിക്കുന്നതും, അവയുടെ കണക്കുകൾ സൂക്ഷിക്കുന്നതും പൊതുഭരണ വകുപ്പുമാണ്. എന്നാൽ നിയമ വകുപ്പിന്റെ തനത് ഫണ്ടിൽ നിന്നും വാങ്ങുന്ന ഫർണിച്ചറുകൾ, ഫോട്ടോസ്റ്റാറ്റ് മെഷീനുകൾ, സ്റ്റേഷനറി/മറ്റ് സാധനങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ യഥാസമയം നിയമ വകുപ്പിലെ ഓഫീസ് സൂപ്രണ്ട് സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയും വിശദാംശങ്ങൾ അപ്പോൾ തന്നെ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തി സൂക്ഷിക്കുകയും ചെയ്തു വരുന്നുണ്ട്. വകുപ്പിലെ വാഹനങ്ങളുടെ വിശദാംശങ്ങളും സ്റ്റോക്ക് രജിസ്റ്ററിലും കമ്പ്യൂട്ടറിലും രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. നിയമ വകുപ്പിനോടനുബന്ധിച്ചുള്ള ലൈബ്രറിയിലെ പുസ്തകങ്ങൾ, ആനുകാലികങ്ങൾ, ഫർണിച്ചറുകൾ, മറ്റ് ഉപകരണങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ ലൈബ്രേറിയൻ യഥാസമയം നിയമ (ലൈബ്രറി) വകുപ്പിലെ സ്റ്റോക്ക് രജിസ്റ്ററുകളിൽ ചേർക്കുകയും ,

വിശദാംശങ്ങൾ അപ്പോൾ തന്നെ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തി സൂക്ഷിക്കുകയും ചെയ്തു വരുന്നുണ്ട്. നിയമ വകുപ്പിലെ ആസ്തികളുടെ കണക്കു വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്ത് LIMS-ന്റെ മാസ്റ്റർ സെർവറിൽ സൂക്ഷിക്കുവാനും ആസ്തികളുടെ വാർഷിക കണക്കെടുപ്പ് എല്ലാ സാമ്പത്തിക വർഷാവസാനവും നടത്താനും ആവശ്യമായ നിർദ്ദേശം നൽകി നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ നിയമ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലെയും ആസ്തികളുടെ വിവരം സൂക്ഷിക്കാനും വാർഷിക കണക്കെടുപ്പ് നടത്താനും നിർദ്ദേശം നൽകിയിട്ടുണ്ട്.

**തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ്**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ രേഖപ്പെടുത്തുന്നതിനായി ഇൻഫർമേഷൻ കേരളാ മിഷൻ സചിത്ര എന്ന സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിന്യസിച്ചിട്ടുണ്ട്.

**വനം വന്യജീവി (ഡി) വകുപ്പ്**

വനം വന്യജീവി വകുപ്പിൽ വനസമ്പത്തും, ആസ്തികളും ശേഖരിക്കുന്നതിനായി നിലവിൽ വർക്കിംഗ് പ്ലാനുകൾ തയ്യാറാക്കുന്നതിന്റെ ഭാഗമായി വിവരം ശേഖരിക്കുന്നതിനായി "VAN APP”എന്നൊരു ആപ്ലിക്കേഷൻ ഉപയോഗിച്ച് വരുന്നുണ്ട്. കൂടാതെ വനം വകുപ്പുമായി ബന്ധപ്പെട്ട വിവിധ ആസ്തികൾ ശേഖരിക്കുന്നതിനായി 'Forest Asset Mapper' എന്ന മറ്റൊരു മൊബൈൽ ആപ്ലിക്കേഷനും, തയ്യാറാക്കിയിട്ടുണ്ട്.

പ്രളയാനന്തര നഷ്ടങ്ങളുടെ കണക്കെടുപ്പും വിലയിരുത്തലുമായി ബന്ധപ്പെട്ട്, മേൽപ്പറഞ്ഞ മൊബൈൽ ആപ്ലിക്കേഷനുകളും അനുബന്ധ വെബ് ഇന്റർഫേസും ഉപയോഗിച്ച് വനത്തിലെ പ്രധാനപ്പെട്ട വനസമ്പത്തുകളെക്കുറിച്ച് വിവരം ലഭ്യമാകും. ആയവ ഉപയോഗിച്ചു നിശ്ചിതകാലയളവിലും ഇടവേളകളിലും ആസ്തികളുടെ കണക്കെടുത്തു സൂക്ഷിക്കുന്ന സമ്പ്രദായം നടപ്പിലാക്കാൻ കഴിയുമെന്നും , ഇതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചുകൊള്ളുന്നു.

**ജലവിഭവ (ജി&പി) വകുപ്പ്**

ജലവിഭവ വകുപ്പിനു കീഴിലുള്ള കേരള വാട്ടർ അതോറിറ്റിയിൽ നൂതന സാങ്കേതിക വിദ്യകളുടെ സഹായത്താൽ ഓരോ നിശ്ചിത കാലയളവിലും ആസ്തികളുടെ കണക്കെടുത്ത് സൂക്ഷിക്കുന്ന സമ്പ്രദായം JICA പദ്ധതിയുടെ ഭാഗമായി Geographic Information System (GIS) അടിസ്ഥാനമാക്കിയുള്ള Asset Mapping Project ചെയ്തിട്ടുണ്ട്. മാപ്പ് ചെയ്ത ആസ്തികളിൽ ജലശുദ്ധീകരണശാലകൾ, റിസർവോയറുകൾ (OHSR & GLSR), പമ്പ് ഹൗസുകൾ, ഇൻടേക്ക് വെല്ലുകൾ, ലാൻഡ് മുതലായവ ഉപരിതല ആസ്തി വിഭാഗത്തിലും പൈപ്പ് ലൈനുകളും വാൽവുകളും ഭൂഗർഭ ആസ്തി വിഭാഗത്തിലും ഉൾപ്പെടുന്നു. ആയത് 24.07.2022-ൽ പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ, നിലവിൽ JJM, AMRUT, KIIFB തുടങ്ങിയ പദ്ധതികളിൽ ഓരോ ദിവസവും സൃഷ്ടിക്കുന്ന അത്തരം പുതിയ ആസ്തികൾ മാപ്പിംഗ് ചെയ്തുവരുന്നു . ഓപ്പൺ സോഴ്സ് ആപ്ലിക്കേഷനുകളും സോഫ്റ്റ് വെയറുകളും ഉപയോഗിച്ചാണ് ഇവ മാപ്പിംഗ് ചെയ്യുന്നതിനും നിരീക്ഷിക്കുന്നതിനുമായി കുസാറ്റുമായി സഹകരിച്ച് പുതിയ ഒരു എക്സ്ക്ലൂസീവ് മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചെടുത്തിട്ടുണ്ട് . കൂടാതെ, പ്രവൃത്തികളുടെ വിവരങ്ങൾ ഉൾപ്പെടുന്ന PASK, O&M, BSS ജീവനക്കാരുടെ വിവരങ്ങൾ ഉൾപ്പെടുന്ന G-SPARK, G-SCORE, EAM, MARCH, പരാതി വിവരങ്ങൾ ഉൾപ്പെടുന്ന AQUA LOOM, SIM കണക്ഷൻ വിവരങ്ങളും സംബന്ധിച്ച eAbacus, eTapp, ഓഫീസ് വിവരങ്ങൾ സംബന്ധിച്ച DDFS, e-Office, MMS, CPS, KWAVL, CIS, APT, LIMS, CCMS എന്നീ നൂതന സാങ്കേതിക വിദ്യകളും വഴി വിവരങ്ങൾ സൂക്ഷിക്കുന്ന സമ്പ്രദായം കേരള വാട്ടർ അതോറിറ്റിയിൽ നടപ്പിലാക്കിയിട്ടുണ്ട്.

ജലസേചന വകുപ്പിന്റെ ആസ്തി വിവരങ്ങൾ ഉൾപ്പെടുത്തുന്നതിനുവേണ്ടി നൂതന സാങ്കേതിക വിദ്യകളുടെ സഹായത്താൽ 'e-monit' എന്ന സോഫ്റ്റ് വെയർ പ്രവർത്തിച്ചുവരുന്നു. പ്രോജക്ട്സ്-2 ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിന്റെ പരിധിയിൽ വരുന്ന ഡാമുകളുടെയും അതുമായി ബന്ധപ്പെട്ടു വരുന്ന ആസ്തികളുടെയും കണക്ക് നൂതന സാങ്കേതിക വിദ്യകളുടെ സഹായത്താൽ സൂക്ഷിക്കുന്നതിനുള്ള നടപടികൾ

സ്വീകരിച്ചുവരുന്നുണ്ട്. പ്രളയാനന്തരം പ്രളയത്തിന്റെ വ്യാപ്തി വിലയിരുത്തുന്നതിനായി പ്രളയബാധിത പ്രദേശങ്ങളിൽ ഫ്ലഡ് ലെവൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട് . ആസ്തികളുടെ കണക്കെടുപ്പിന്റെ ഭാഗമായി കുട്ടനാട് പാക്കേജിനു കീഴിൽ വിവിധ സ്കീമുകളിലായി നടപ്പാക്കിയ മോട്ടോർ ഷെഡുകൾ , മോട്ടോർത്തറ, കൾവർട്ടുകൾ, റഗുലേറ്റർ-കം-ബ്രിഡ്ജുകൾ എന്നിവ ഉൾപ്പെടെ വിവിധ നിർമ്മിതികളുടെ കണക്കുകൾ രേഖപ്പെടുത്തി സൂക്ഷിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

ഭൂജല വകുപ്പിലും ആസ്തികളുടെ കണക്കെടുപ്പ് വാർഷികാടിസ്ഥാനത്തിൽ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കേരള ഗ്രാമീണ ശുദ്ധജലവിതരണ ശുചിത്വപദ്ധതി (ജലനിധി)യുടെ സഹായത്താൽ വിവിധ പഞ്ചായത്തുകളിൽ നടപ്പിലാക്കിയ പദ്ധതികളുടെ ആസ്തി വിവരങ്ങൾ (അതുമായി ബന്ധപ്പെട്ട പ്രധാന ടെക്നിക്കൽ ഡാറ്റ സഹിതം ) GIS സങ്കേതത്തിൽ രേഖപ്പെടുത്തി പഞ്ചായത്ത് ഭൂപടങ്ങളിൽ അടിസ്ഥാനപ്പെടുത്തി വിവിധ compatible format കളിൽ (shape file, google files, excel file, open source compatible formats, cloud of storage) സൂക്ഷിച്ചിട്ടുണ്ട്. ജലനിധി പദ്ധതി Phase II-ൽ ഉൾപ്പെടുത്തിയിട്ടുള്ള പഞ്ചായത്തുകളിലെ ഭൂപടമാണ് ഇത്തരത്തിൽ തയ്യാറാക്കിയിട്ടുള്ളത്. ജലനിധി ഒന്നാം ഘട്ടത്തിലെ പദ്ധതികളുടെ ആസ്തി വിവരങ്ങൾ GIS സങ്കേതത്തിൽ ശേഖരിക്കാനുള്ള നിർദ്ദേശമനുസരിച്ച് ഇതിനാവശ്യമായ സോഫ്റ്റ് വെയർ തയ്യാറാക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**<u>കൃഷി (കൃഷി) വകുപ്പ്</u>**

പ്രകൃതി ദുരന്തങ്ങൾ മൂലമുണ്ടാകുന്ന കാർഷിക മേഖലയിലെ വിളനാശം , ആസ്തികളുടെ കേടുപാടുകൾ , നഷ്ടം ഇവ കൃത്യമായി കണക്കാക്കുന്നതിന് ജോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം (ജി.ഐ.എസ്.) അടിസ്ഥാനമാക്കിയുള്ള നൂതന സാങ്കേതിക വിദ്യകൾ ഇന്ന് ലഭ്യമാണ് . ഇതോടൊപ്പം മൊബൈൽ, ജി.പി.എസ്. സാങ്കേതിക വിദ്യകളും, ഡ്രോണുകൾ ഉപയോഗിച്ചുള്ള ആകാശ സർ

വ്വേയും, ജി.ഐ.എസ്. സാങ്കേതിക വിദ്യയുമായി സംയോജിപ്പിച്ച് പ്രവർത്തിപ്പിക്കുന്നതിനും, കൃത്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനും സഹായിക്കുന്നു. കൃത്യമായ ഇടവേളകളിൽ കൃഷിയിടങ്ങളുടേയും ആസ്തികളുടെയും വിവരങ്ങൾ ഇത്തരത്തിൽ ശേഖരിച്ച് സൂക്ഷിക്കുന്നതിനും , പ്രകൃതി ദുരന്തങ്ങൾ മൂലമുള്ള നാശനഷ്ടങ്ങൾ കൃത്യമായി കണക്കാക്കുന്നതിനും , നഷ്ടപരിഹാരം അർഹരായവരിലേക്ക് സമയബന്ധിതമായി എത്തിക്കുന്നതിനും സാധിക്കും.

ഇത്തരം നൂതന സാങ്കേതിക വിദ്യകൾ നിലവിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ ലഭ്യമല്ലാത്തതിനാൽ സ്ഥലപരമായ വിശകലനങ്ങൾ ആവശ്യമായി വരുമ്പോൾ ലാൻഡ് യൂസ് ബോർഡ്, കെ.എസ്സ്.ആർ.ഇ.സി., സി-ഡാക്ക്, ഐ.ഐ.ഐ.റ്റി.എം.കെ., എൻ.ആർ.എസ്.സി. എന്നീ സ്ഥാപനങ്ങളുടെ സഹായം താല്ക്കാലികമായി തേടി വരുന്നു.

പ്രകൃതിക്ഷോഭം മൂലമുള്ള നാശനഷ്ടം കണക്കാക്കുന്നതിന് NIC യുടെ സഹായത്തോടെ SMART എന്ന സോഫ്റ്റ് വെയർ തയ്യാറാക്കിയിട്ടുണ്ട്. ഈ നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ പ്രകൃതിക്ഷോഭങ്ങൾക്കു ശേഷവും മുമ്പുമുള്ള ആസ്തികളുടെ കണക്ക് സമഗ്രമായി റിപ്പോർട്ട് ചെയ്യുവാൻ സാധിക്കുന്നതാണ്.

**മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്**

ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മേഖല ഓഫീസുകളിലെയും ജില്ല ഓഫീസുകളിലെയും മുഴുവൻ ആസ്തികളും അളന്നു തിട്ടപ്പെടുത്തി വിവരങ്ങൾ സമർപ്പിക്കുവാൻ ബന്ധപ്പെട്ട മേഖല ജോയിന്റ് ഡയറക്ടർമാർക്കും ജില്ലാ ഓഫീസർമാർക്കും നിർദേശം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തനങ്ങൾ നടന്ന് വരികയാണ്.

**സമിതി ആവശ്യപ്പെട്ട അധികവിവരം**

മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് പരിഗണിച്ച സമിതി നൂതന സാങ്കേതികവിദ്യയുടെ സഹായത്താലാണോ ആസ്തികളുടെ കണക്കെടുത്ത് സൂക്ഷിക്കുന്ന സമ്പ്രദായം വകുപ്പിൽ നടപ്പിലാക്കുന്നതെന്നത് സംബന്ധിച്ച് വ്യക്തത വരുത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ

വകുപ്പിനോട് നിർദ്ദേശിച്ചു.

**സർക്കാർ സ്വീകരിച്ച നടപടി**

**മത്സ്യബന്ധനതുറമുഖ (ബി) വകുപ്പ്**

നിലവിൽ നൂതനസാങ്കേതിക വിദ്യയുടെ സഹായത്താലല്ല ഫിഷറീസ് വകുപ്പിലെ ആസ്തികളുടെ കണക്കെടുത്ത് സൂക്ഷിച്ചുവരുന്നത്. ഫിഷറീസ് വകുപ്പിന്റെ ആസ്തി വിവരങ്ങളുടെ കണക്കുകൾ സൂക്ഷിക്കുന്നതിന് ഒരു ആപ്പ് ഡെവലപ്പ് ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ 09.05.2024 ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ പരിഗണിക്കുകയും വിവരസാങ്കേതിക വകുപ്പ് തയ്യാറാക്കിയിട്ടുള്ള പൊതു പ്ലാറ്റ്ഫോം ഇതിനായി പ്രയോജനപ്പെടുത്താൻ നിർദ്ദേശിക്കുകയും ചെയ്തു. പ്രസ്തുത നിർദേശപ്രകാരം ഫിഷറീസ് വകുപ്പിന്റെ ആസ്തികളുടെ വിവരങ്ങളുടെ കണക്കുകൾ സൂക്ഷിക്കുന്നതിന് ഒരു ആപ്പ് ഡെവലപ്പ് ചെയ്യുന്നതിനു ഐ.ടി. മിഷനോട് ഫിഷറീസ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

**സമിതി ആവശ്യപ്പെട്ട അധികവിവരം**

ഫിഷറീസ് വകുപ്പിന്റെ ആസ്തി വിവരങ്ങളുടെ കണക്കുകൾ സൂക്ഷിക്കുന്നതിനായി ആപ്പ് രൂപീകരിച്ചിട്ടുണ്ടോയെന്ന് വകുപ്പിനോട് ആരായുവാൻ സമിതി തീരുമാനിച്ചു.

**നടപടി റിപ്പോർട്ട് ലഭിക്കാത്ത ശിപാർശകൾ**

**ശിപാർശ 1 (ഖണ്ഡിക 4)**

**റവന്യൂ (DMD-A)വകുപ്പ്**

വയനാട് ജില്ലയിലെ നാശനഷ്ടങ്ങളുടെ പ്രാഥമിക കണക്കെടുത്താൽ ആകെ 2751 കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്നും , 1008 കോടി രൂപയുടെ നാശനഷ്ടമുണ്ടായ കാർഷിക മേഖലയിലാണ് ഏറ്റവുമധികം നഷ്ടമെന്നും 900 കോടി രൂപയുടെ ഗ്രാമീണ /പി.ഡബ്ല്യൂ.ഡി. റോഡുകൾ തകർന്നിട്ടുണ്ടെന്നും 1500 ഓളം വീടുകൾ തകർന്നതായി വിലയിരുത്തിയിട്ടുണ്ടെന്നും ആയതിൽ 780 വീടുകൾ പൂർ

ണ്ണമായി തകർന്നുവെന്നും ഒട്ടേറെ വീടുകൾ ഭാഗികമായി തകർന്നുവെന്നും കൂടാതെ പല പ്രദേശങ്ങളിലും ഭൂമി വിണ്ടു കീറി വാസയോഗ്യമല്ലാതായിത്തീരുന്ന സ്ഥിതിവിശേഷമുള്ളതിനാൽ പുനരധിവസിപ്പിക്കേണ്ടിവരുന്ന കുടുംബങ്ങളുടെ എണ്ണം കൂടുതലായിരിക്കുമെന്ന് സമിതി നിരീക്ഷിച്ചു. പ്രളയത്തിൽ പൂർണ്ണമായോ ഭാഗികമായോ നാശനഷ്ടമുണ്ടായ വീടുകൾക്ക് ദുരന്ത നിവാരണ നിധിയിൽ നിന്നും ആവശ്യമായ സഹായം കഴിവതും വേഗത്തിൽ നൽകണമെന്നും ഭൂമി വിണ്ടു കീറിയതുമൂലം ഉപയോഗ ശൂന്യമായിപ്പോയ വീടുകളിൽ ഉള്ളവരുടെ നഷ്ടം പ്രളയദുരന്തത്തിൽ കൂട്ടി ചേർത്ത് അവരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ കഴിവതും വേഗത്തിൽ കൈക്കൊള്ളണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ 2 (ഖണ്ഡിക 5)**

**റവന്യൂ (DMD-A)വകുപ്പ്**

പ്രധാനമായും കൃഷിയെ ആശ്രയിക്കുന്ന ജില്ലയാണ് വയനാട്. പ്രളയാനന്തരം വയനാടിന്റെ ഭൗമ പ്രകൃതിയിൽ സാരമായ മാറ്റം വന്നിട്ടുണ്ടെന്നും വയനാടിന്റെ സമ്പദ്ഘടന തകർച്ചയുടെ വക്കിലെത്തിയിരിക്കുകയാണെന്നും സമിതി നിരീക്ഷിച്ചു. ആയതിന്റെ പശ്ചാത്തലത്തിൽ സമഗ്രമായ ഒരു ശാസ്ത്രീയ പഠനം അനിവാര്യമാണെന്നും വയനാട് ജില്ലയിലെ ഭൂപ്രകൃതിക്ക് സംഭവിച്ച മാറ്റങ്ങൾ സംബന്ധിച്ച വിശദമായ പഠനം നടത്തുന്നതിനായി തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ NCESS (National Centre for Earth Science Studies)-നെ ചുമതലപ്പെടുത്തണമെന്നും NCESS നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓരോ മേഖലയിലും എന്തെല്ലാം പ്രവർത്തനങ്ങൾ നടത്താം , ഏതൊക്കെ മേഖലകളെ കൃഷിമേഖലകളാക്കി വേർതിരിക്കാം, കെട്ടിടങ്ങൾക്ക് എത്ര നില വരെ അനുവദിക്കാം തുടങ്ങിയ വിഷയങ്ങൾ പുതുക്കി നിശ്ചയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**<u>ശിപാർശ 3 (ഖണ്ഡിക 6)</u>**

**<u>റവന്യൂ (DMD-A)വകുപ്പ്</u>**

പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ വയനാട് ജില്ലയിലെ ഭൂവിനിയോഗം സംബന്ധിച്ച് വിദഗ്ദ്ധ സംഘം പഠനം നടത്തി നിർമ്മാണം അനുവദനീയമല്ലാത്ത സ്ഥലങ്ങൾ, കൃഷിയിടങ്ങൾ എന്നിവ തരം തിരിച്ച് ഒരു രൂപരേഖ തയ്യാറാക്കി ഓരോ പ്രദേശത്തെയും ഭൂസ്വഭാവം സംബന്ധിച്ച് വിശദാംശം ജനങ്ങൾക്ക് ലഭ്യമാക്കേണ്ടത് അനിവാര്യമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. <u>ആയതിനാൽ ശാസ്ത്രീയമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ പുതിയ ഭൂവിനിയോഗനയം രൂപപ്പെടുത്തണമെന്നും ഓരോ പ്രദേശത്തെയും ഭൂമിയുടെ സ്വഭാവം സംബന്ധിച്ച വിശദാംശം ജനങ്ങൾക്ക് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

**<u>ശിപാർശ 6 (ഖണ്ഡിക 11)</u>**

**<u>റവന്യൂ (DMD-A)വകുപ്പ്</u>**

പ്രകൃതിക്ഷോഭ ദുരിതാശ്വാസ ധനസഹായമായി 19.1462 കോടി രൂപ ലഭിച്ചിട്ടുണ്ടെന്നും ലഭിച്ച തുക പൂർണ്ണമായി വിനിയോഗിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നതായും 10 കോടി രൂപ അധിക ധനസഹായമായി ആവശ്യം വരുമെന്നും സമിതി മനസ്സിലാക്കുന്നു. <u>ആയതിനാൽ പ്രകൃതിക്ഷോഭ ദുരിതാശ്വാസ ധനസഹായമായി 10 കോടി രൂപ അധികമായി വയനാട് ജില്ലയ്ക്ക് അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**<u>ശിപാർശ 9 (ഖണ്ഡിക 15)</u>**

**<u>റവന്യൂ (DMD-A)വകുപ്പ്</u>**

ആനുകൂല്യങ്ങൾ സമയബന്ധിതമായി ഗുണഭോക്താക്കൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിന് ഉദ്യോഗസ്ഥർ നടത്തി വരുന്ന പരിശ്രമം കൂടുതൽ ശക്തമാക്കി പരാതിരഹിതമായി കാര്യങ്ങൾ നടത്തണമെന്ന് സമിതി അഭിപ്രായപ്പെട്ടു . <u>ഗുണഭോക്താക്കൾക്ക് കഴിവതും വേഗത്തിൽ ദുരിതാശ്വാസം ലഭിക്കുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**<u>ശിപാർശ 14 (ഖണ്ഡിക 21)</u>**

**<u>തദ്ദേശസ്വയംഭരണ (പി.എസ്.)വകുപ്പ്</u>**

ഉരുൾപൊട്ടലുണ്ടായ സ്ഥലങ്ങളിൽ നിർമ്മാണം നടത്തുമ്പോൾ അടിയന്തരഘട്ടങ്ങളിൽ മാറ്റി സ്ഥാപിക്കാൻ പറ്റുന്ന തരത്തിലുള്ള നിർമ്മാണരീതികൾ പരിഗണിക്കേണ്ടതാണെന്ന് സമിതി കരുതുന്നു. ഗ്ലാസ് ഫൈബർ റീ ഇൻഫോഴ്സ് ജിപ്സം (G.F.R.G.) പാനൽ എന്നൊരു നിർമ്മാണ രീതി ഐ .ഐ.ടി. മദ്രാസും എൻ.ഐ.ടി. കോഴിക്കോടും മുന്നോട്ടു വയ്ക്കുന്നുണ്ട്. ചുവരും മേൽക്കൂരയും നിർമ്മിക്കാൻ വലിയ ജിപ്സം പാളി ഉപയോഗിക്കുന്ന രീതിയാണിത്. കൽക്കരി വൈദ്യുത കേന്ദ്രങ്ങളും രാസകീടനാശിനിശാലകളും പുറന്തള്ളുന്ന ജിപ്സമാണ് പ്രധാനമായും ഉപയോഗിക്കുന്നത്. 1990-കളിൽ ഓസ്ട്രേലിയയിൽ ഉപയോഗിച്ചു തുടങ്ങിയ പ്രസ്തുത രീതിക്ക് സുസ്ഥിര നഗര വികസനത്തിനുള്ള യു.എൻ. അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇന്ത്യയിൽ മുംബൈയിലും കൊച്ചിയിലും മാത്രമാണ് ജിപ്സം വാൾ ഉത്പാദിപ്പിക്കുന്നത്. കൊച്ചിയിലെ പൊതുമേഖലാ സ്ഥാപനമായ എഫ്.എ.സി.ടി. യിൽ ജി.എഫ്.ആർ.ജി. പാനലുകൾ ഉല്പാദിപ്പിക്കുന്നുണ്ട്. നിർമ്മിച്ച പാനലുകൾ ക്രെയിൻ ഉപയോഗിച്ച് ആവശ്യമായ സ്ഥലത്ത് പാകി കൂട്ടിച്ചേർക്കുന്ന രീതിയായതിനാൽ നിർമ്മാണം മൂന്ന് മാസം കൊണ്ട് പൂർത്തിയാക്കാം. കൂടാതെ തറയും ചുമരും മേൽക്കൂരയും പരസ്പരം കൂട്ടി യോജിപ്പിക്കുന്ന രീതിയിൽ നിർമ്മിക്കുന്നതിനാൽ കെട്ടിടം ബലവത്തായിരിക്കുമെന്ന് മദ്രാസ് ഐ .ഐ.ടി.-യും സാധാരണ നിർമ്മാണ രീതിയെ അപേക്ഷിച്ച് 20% മുതൽ 30% വരെ ചെലവ് കുറഞ്ഞതാണെന്ന് എഫ്.എ.സി.ടി.-യിലെ ജി .എഫ്.ആർ.ജി. വിഭാഗവും സാക്ഷ്യപ്പെടുത്തുന്നു. കേന്ദ്രഭവനനഗരകാര്യ മന്ത്രാലയത്തിന്റെ അംഗീകാരം ലഭിച്ചിട്ടുള്ളതും ചെലവ് കുറഞ്ഞതുമായ ഇത്തരം നിർമ്മാണരീതികളെ പ്രളയാനന്തര പുനർ നിർമ്മാണത്തിനായി ഉരുൾപൊട്ടൽ മേഖലകളിലടക്കം സ്വീകരിക്കുന്നത് ഉചിതമായിരിക്കുമെന്ന് സമിതി മനസ്സിലാക്കുന്നു. <u>ആയതിനാൽ പ്രളയാനന്തര പുനർ നിർമ്മാണത്തിൽ ഉരുൾപൊട്ടൽ ഉണ്ടായ മേഖലകളിലും സർക്കാർ പദ്ധതികളുടെ</u>

ഭാഗമായും പരിസ്ഥിതി സൗഹാർദ്ദമായതും ചെലവു കുറഞ്ഞതുമായ ജി.എഫ്.ആർ.ജി. നിർമ്മാണ രീതി പരിഗണിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ 16 (ഖണ്ഡിക 23)**

**ജലവിഭവ (ഐ. ആർ.)വകുപ്പ്**

വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളിൽ പ്രളയാനന്തരം നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ജലത്തിന്റെ സ്വാഭാവിക ഒഴുക്കിനെ തടയുന്ന രീതിയിലാകരുത് എന്നതിനാൽ നിർമ്മാണ അനുമതി ചട്ടങ്ങൾ അത്തരത്തിൽ പുന:ക്രമീകരിക്കേണ്ടതാണ് എന്നും വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളിൽ ഭാവിയിൽ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ സസൂക്ഷ്മം നിരീക്ഷിക്കേണ്ടതാണെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളിൽ ഭാവിയിൽ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ജലത്തിന്റെ സുഗമമായ ഒഴുക്കിനെ തടയാത്ത രീതിയിലാകുന്ന തരത്തിൽ നിർമ്മാണ നിയന്ത്രണ ചട്ടങ്ങൾ പുന :ക്രമീകരിക്കണമെന്നും നിർമ്മാണ പ്രവർത്തനങ്ങൾ സസൂക്ഷ്മം നിരീക്ഷിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ 17 (ഖണ്ഡിക 24)**

**തദ്ദേശസ്വയംഭരണ (പി.എസ്.)വകുപ്പ്**

ശാസ്ത്രീയമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ ദുരന്ത മേഖലകളുടെ ഭൂപടം തയ്യാറാക്കേണ്ടതും പ്രസ്തുത ഭൂപടം മാനദണ്ഡമാക്കി ദുരന്ത നിവാരണ പ്രവർത്തനങ്ങൾ സംയോജിപ്പിച്ച് കൂടുതൽ ഫലപ്രദമായി തീർക്കാവുന്നതുമാണെന്ന് സമിതി വിലയിരുത്തുന്നു. സ്റ്റഡി ക്ലാസുകൾ, വിവിധതരം പ്രവർത്തനങ്ങൾ മുതലായവയിലൂടെ ദുരന്ത സാധ്യത കൂടുതലുള്ള പ്രദേശങ്ങളിലെ ജനങ്ങളെ ദുരന്തം നേരിടുവാൻ പ്രാപ്തരാക്കുമെന്നും ദുരന്തമുണ്ടാകുമ്പോൾ ജനങ്ങൾ സ്വയം സജ്ജരാകുന്നത് അപകട സാധ്യത കുറയ്ക്കുന്നതിന് വളരെയേറെ സഹായകരമായിരിക്കുമെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ദുരന്തസാധ്യത മേഖലകളുടെ ഭൂപടം തയ്യാറാക്കി

ദുരന്ത സാധ്യതയേറിയ മേഖലകളിലെ ജനങ്ങളെ ദുരന്തം നേരിടുവാൻ പ്രാപ്തരാക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ 22 (ഖണ്ഡിക 29)**

**തദ്ദേശസ്വയംഭരണ (പി.എസ്.)വകുപ്പ്**

പ്രളയമുണ്ടായപ്പോൾ നിരവധി തുരുത്തുകളിലായി ജനങ്ങൾ ഒറ്റപ്പെട്ടു പോകുകയും തന്മൂലം ശുദ്ധജല ദൗർലഭ്യം ജനങ്ങളെ ബുദ്ധിമുട്ടിക്കുകയും ചെയ്തത് മഴവെള്ള സംഭരണത്തിനുള്ള സംവിധാനങ്ങളുടെ പ്രസക്തിക്ക് ഊന്നൽ നൽകുകയും ചെയ്തതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇനി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ പ്രളയസാധ്യത കണക്കിലെടുത്തും മഴവെള്ള സംഭരണികൾ നിർബന്ധമാക്കിയും നിർമ്മാണം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ 23 (ഖണ്ഡിക 30)**

**റവന്യൂ (DMD-A)വകുപ്പ്**

വയനാട് ജില്ലയുടെ പുനർനിർമ്മാണം നടത്തുമ്പോൾ ജില്ലയുടെ ഭൂമിശാസ്ത്രപരവും കാലാവസ്ഥാപരവുമായ സവിശേഷതകൾ പ്രത്യേകം പരിഗണിക്കേണ്ടതുണ്ടെന്നും ജില്ല മുഴുവൻ സമുദ്ര നിരപ്പിന് മുകളിലാണെന്നതും പരിസ്ഥിതി ലോലവുമാണെന്ന സവിശേഷത പരിഗണിക്കപ്പെടേണ്ട വിഷയമാണെന്നും കാലാവസ്ഥാ വ്യതിയാനത്തെ തുടർന്ന് ജില്ലയിൽ അതിശക്തമായ മഴ പെയ്യുകയും അത് ഉരുൾപൊട്ടലിനും മണ്ണിടിച്ചിലിനും ഇടയാക്കുകയും ചെയ്തുവെന്നും ഭാവിയിൽ ഇത്തരം ദുരന്തങ്ങൾ ഉണ്ടാകാതിരിക്കാനും ഉണ്ടായാൽ തന്നെ നാശനഷ്ടങ്ങളുടെ തോത് പരമാവധി കുറയ്ക്കാനും സഹായകരമായ രീതിയിലുള്ള പുനർനിർമ്മാണ പ്രവർത്തനങ്ങൾ മാത്രമേ വയനാട് ജില്ലയിൽ സ്വീകരിക്കാവൂ എന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ശിപാർശ 27 (ഖണ്ഡിക 34)**

**റവന്യൂ (DMD-A)വകുപ്പ്**

വയനാട്ടിലെ വനപ്രദേശങ്ങളും മറ്റും കൈയ്യേറി അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് വയനാടിന്റെ പാരിസ്ഥിതിക സന്തുലനം തകർക്കുമെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ വയനാട്ടിലെ വനപ്രദേശങ്ങളിലെ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും, പ്രളയത്തിൽ തകർന്ന വയനാട്ടിലെ വിനോദസഞ്ചാര മേഖലയുടെ പുനർനിർമ്മാണത്തിൽ ഹരിതരീതി കർശനമാക്കണമെന്നും സുരക്ഷ , മലിനീകരണ നിയന്ത്രണം എന്നിവയുമായി ബന്ധപ്പെട്ട ചട്ടങ്ങൾ പുതുക്കണമെന്നും പുതുക്കിയ ചട്ടങ്ങളുടെ കൃത്യമായ നടപ്പാക്കൽ ഉറപ്പു വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**കെ. കെ. ശൈലജ ടീച്ചർ,**
ചെയർപേഴ്സൺ,
എസ്റ്റിമേറ്റ്സ് കമ്മിറ്റി.

തിരുവനന്തപുരം,
2026 ഫെബ്രുവരി 24